بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11    ലക്കം 40

# ബദർ
വാരിക    ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക
വരിസംഖ്യ

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

2026 ഒക്ടോബർ 1 • ഹിജ്‌രി ശംസി 1405 ഇഖാഅ് 1 • ഹിജ്‌രി ഖമരി 1448 റബീഉസ്സാനി 19



## യഥാർഥ ജീവിതം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوا اسۡتَجِیۡبُوۡا لِلّٰہِ وَلِلرَّسُوۡلِ اِذَا دَعَاکُمۡ لِمَا یُحۡیِیۡکُمۡ ۚ
وَاعۡلَمُوۡۤا اَنَّ اللّٰہَ یَحُوۡلُ بَیۡنَ الۡمَرۡءِ وَقَلۡبِہٖ وَاَنَّہٗۤ اِلَیۡہِ تُحۡشَرُوۡنَ

വിശ്വസിച്ചവരേ, അല്ലാഹുവിനും (അവന്റെ) ദൂതനും –നിങ്ങൾക്ക് ജീവൻ നൽകുന്നതിലേക്കു അദ്ദേഹം നിങ്ങളെ വിളിച്ചാൽ – ഉത്തരം നൽകുക. തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നിൽക്കുന്നുവെന്നും അവങ്കലേക്കാണ് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നതെന്നുമുള്ള കാര്യം അറിയുക.

(സൂറ അൻഫാൽ : 25)



ഹദീസ് :

## യഥാർഥപുനരുജ്ജീവനം

عَنْ أَبِي سَعِيدِ بْنِ الْمُعَلَّى رَضِيَ اللهُ عَنْهُ، قَالَ: كُنْتُ أُصَلِّي، فَمَرَّ بِي رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَدَعَانِي، فَلَمْ آتِهِ حَتَّى صَلَّيْتُ، ثُمَّ أَتَيْتُهُ، فَقَالَ: "مَا مَنَعَكَ أَنْ تَأْتِيَ، أَلَمْ يَقُلِ اللهُ: يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلّٰهِ وَلِلرَّسُولِ إِذَا دَعَاكُمْ (سورة الأنفال آية: 25)" ثُمَّ قَالَ: "لَأُعَلِّمَنَّكَ أَعْظَمَ سُورَةٍ فِي الْقُرْآنِ قَبْلَ أَنْ أَخْرُجَ"، فَذَهَبَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ لِيَخْرُجَ، فَذَكَرْتُ لَهُ، وَقَالَ مُعَاذٌ: حَدَّثَنَا شُعْبَةُ، عَنْ خُبَيْبِ بْنِ عَبْدِ الرَّحْمَنِ، سَمِعَ حَفْصًا، سَمِعَ أَبَا سَعِيدٍ رَجُلًا مِنْ أَصْحَابِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ بِهَذَا، وَقَالَ: هِيَ "الْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ (الفاتحة: 2) السَّبْعُ الْمَثَانِي".

[صحیح البخاری/ کتاب تفسیر القرآن/حدیث: 4647]

ഹദ്റത്ത് അബൂസഈദ് ബിൻ അൽമുഅല്ല(റ) പറഞ്ഞു: ഞാൻ നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ റസൂലുല്ലാഹ്(സ) എന്റെ അരികിലൂടെ കടന്നുപോവുകയും എന്നെ വിളിക്കുകയും ചെയ്തു. എന്നാൽ ഞാൻ നമസ്കാരം തീരുന്നതുവരെ അവിടുത്തെ അടുക്കൽ ചെന്നില്ല. നമസ്കാരത്തിന് ശേഷം ഞാൻ അവിടുത്തെ അടുക്കൽ ചെന്നപ്പോൾ അവിടുന്ന് ചോദിച്ചു: 'വരാൻ എന്ത് തടസ്സമാണുണ്ടായത്? അല്ലാഹു, വിശ്വസിച്ചവരേ, അല്ലാഹുവിനും (അവന്റെ) ദൂതനും അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നൽകുക എന്ന് പറഞ്ഞിട്ടില്ലേ: (സൂറത്തുൽ അൻഫാൽ, ആയത്ത്: 25)

തുടർന്ന് അവിടുന്ന് പറഞ്ഞു: 'ഞാൻ പുറത്തുപോകുന്നതിന് മുമ്പ് ഖുർആനിലെ ഏറ്റവും വലിയ അധ്യായം ഞാൻ നിനക്ക് പഠിപ്പിച്ചുതരാം.' അങ്ങനെ റസൂലുല്ലാഹി (സ) പുറപ്പെടാൻ വേണ്ടി പോയപ്പോൾ ഞാൻ ആ കാര്യം ഓർമ്മിപ്പിച്ചു. പ്രസ്തുത അധ്യായം സൂറത്തുൽ ഫാത്തിഹയാണെന്നും അത് ആവർത്തിച്ചു ഓതപ്പെടുന്ന ഏഴ് ആയത്തുകളാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

വിശദീകരണം:

يٰۤاَيُّهَا الَّذِيۡنَ اٰمَنُوا اسۡتَجِيۡبُوۡا لِلّٰهِ وَلِلرَّسُوۡلِ اِذَا دَعَاكُمۡ لِمَا يُحۡيِيۡكُمۡ : ഈ ആയത്തിലെ لِمَا يُحۡيِيۡكُمۡ എന്നതിന്റെ അർത്ഥം 'നിങ്ങളുടെ പരിഷ്കരണത്തിന് കാരണമാകുന്ന കാര്യത്തിലേക്ക്' എന്നാണ്. അഹ്‌യാഅ് എന്നാൽ പരിഷ്കരണം (ഇസ്‌ലാഹ്) എന്നാണർത്ഥം. അല്ലാഹുവിന്റെയും റസൂലിന്റെയും വാക്ക് അനുസരിക്കുക; കാരണം നിങ്ങളുടെ പരിഷ്കരണത്തിന് കാരണമാകുന്ന കാര്യങ്ങളിലേക്കാണ് അവർ മാർഗ്ഗദർശനം നൽകുന്നത്.



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

## തിരുനബി (സ)യുടെ അമാനുഷിക ദൃഷ്ടാന്തങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

തിരുനബി (സ)യുടെ മറ്റൊരു ദൃഷ്ടാന്തമായ 'شقّ القمر' (ചന്ദ്രൻ പിളരുക എന്നത്), അല്ലാഹുവിന്റെ ദിവ്യശക്തിയാൽ തന്നെയാണ് സംഭവിച്ചത്. അതിനോടൊപ്പം പ്രത്യേക പ്രാർത്ഥനകളൊന്നും ഉണ്ടായിരുന്നില്ല; മറിച്ച് ദിവ്യശക്തി നിറഞ്ഞ വിരലിന്റെ ഒരൊറ്റ ആംഗ്യത്താൽ മാത്രമാണ് അത് സംഭവിച്ചത്. ഇതുപോലെയുള്ള നിരവധി അത്ഭുതങ്ങൾ തിരുനബി (സ) തന്റെ വ്യക്തിപരമായ അധികാരത്തിന്റെ (ഇഖ്തിദാർ) ഭാഗമായി കാണിച്ചിട്ടുണ്ട്, അവയോടൊപ്പം പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരുന്നില്ല. പലതവണ, ഒരു പാത്രത്തിൽ മാത്രമുണ്ടായിരുന്ന അൽപ്പം വെള്ളത്തിൽ തിരുനബി (സ) തന്റെ വിരലുകൾ മുക്കിയപ്പോൾ, മുഴുവൻ സൈന്യത്തിനും ഒട്ടകങ്ങൾക്കും കുതിരകൾക്കും കുടിക്കാൻ തക്കവണ്ണം ആ വെള്ളം ധാരാളമായി പെരുകുകയും, എന്നിട്ടും ആ വെള്ളം അതിന്റെ അളവിൽ കുറയാതെ യഥാസ്ഥിതിയിൽ ബാക്കിയാകുകയും ചെയ്തു. പലപ്പോഴും, നാലോ അഞ്ചോ റൊട്ടികളിൽ കൈവെച്ചുകൊണ്ട് ആയിരക്കണക്കിന് വിശപ്പുള്ളവരുടെയും ദാഹമുള്ളവരുടെയും വിശപ്പടക്കാൻ അവയ്ക്ക് സാധിച്ചു. ചില അവസരങ്ങളിൽ അൽപ്പം പാലിൽ തന്റെ അധരങ്ങളുടെ ബർക്കത്ത് നൽകി ഒരു സംഘത്തിന്റെ മുഴുവൻ വിശപ്പും മാറ്റി. ചിലപ്പോൾ ഉപ്പുരസമുള്ള കിണറ്റിൽ തന്റെ തിരുനാവുകളിലെ ഉമിനീർ ചേർത്ത് അത് ശുദ്ധജലമാക്കി മാറ്റി. ചിലപ്പോൾ ഗുരുതരമായി പരിക്കേറ്റവരുടെ മേൽ തന്റെ കൈവെച്ച് അവരെ സുഖപ്പെടുത്തി. ചിലപ്പോൾ യുദ്ധത്തിൽ കണ്ണ് തെറിച്ചുവീണവരുടെ കണ്ണുകൾ തന്റെ കൈകളുടെ ബർക്കത്തുകൊണ്ട് വീണ്ടും ശരിയാക്കി. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ തിരുനബി (സ) തന്റെ ذاتی اقتدار (വ്യക്തിപരമായ അമാനുഷിക ശക്തി) കൊണ്ട് നിർവഹിച്ചിട്ടുണ്ട്, അവയോടൊപ്പം അന്തർലീനമായ ദിവ്യശക്തിയും കൂടിച്ചേർന്നിരുന്നു. (ആയിന കമാലാത്തെ ഇസ്‌ലാം, റൂഹാനി ഖസാഇൻ, വാള്യം 5, പേജ് 65,66)

*(മൽഫൂസാത്ത് വാള്യം അഞ്ച്, പേജ് 222 - 223)*



**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

## മരിച്ചവരെ ജീവിപ്പിക്കൽ : യഥാർഥ വിവക്ഷ

كَذٰلِكَ يُحۡيِ اللّٰهُ الۡمَوۡتٰى എന്നതിന് രണ്ട് അർത്ഥങ്ങളുണ്ട്:

* ഒരു വിവക്ഷ, ഇങ്ങനെയാണ് അല്ലാഹു യഥാർത്ഥ മരിച്ചവരെ ജീവിപ്പിക്കുന്നത്, അതായത് യഥാർത്ഥ മരിച്ചവരെ പുനർജീവിപ്പിച്ച് ഈ ലോകത്തിലേക്ക് തിരികെ കൊണ്ടുവരിക എന്നാണ്. എന്നാൽ ഈ ആയത്തിൽ ഈ അർത്ഥം സ്വീകരിക്കാൻ കഴിയുകയില്ല. കാരണം ഖുർആനിലെ മറ്റ് ആയത്തുകൾ ഈ അർത്ഥത്തിന് എതിരാണ്, യഥാർത്ഥത്തിൽ മരിച്ചവർക്ക് ഈ ലോകത്തേക്ക് തിരിച്ചുവരാൻ കഴിയില്ലെന്ന് പ്രസ്തുത ആയത്തുകളിലൂടെ സ്ഥിരീകരിക്കപ്പെടുന്നുമുണ്ട്.

* ഈ ആയത്തിന്റെ മറ്റൊരു അർത്ഥം, മൃതപ്രായരെ ജീവിപ്പിക്കുക എന്നാകാം. ഈ അർത്ഥം സാധാരണ ശൈലിക്ക് അനുയോജ്യമായതാണ്. ചിലപ്പോൾ ഒരു വസ്തു മറ്റൊരു വസ്തുവിനോട് ഏറെ സാദൃശ്യമുള്ളതായിത്തീരുമ്പോൾ ആ പേര് അതിനും ലഭിക്കാറുണ്ട്. അതുപോലെ സാധാരണ സംസാരത്തിൽ ഒരാൾക്ക്

ശേഷം പേജ് 12 ൽ

### അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

# തഖ്‌വ അഥവാ വിജയവീഥി

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ബ്രിട്ടന്റെ 60ാമത് ജൽസാ സലാനയിൽ നിർവഹിച്ച ഉദ്ഘാടന പ്രഭാഷണത്തിന്റെ സംക്ഷേപം.

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാതിഹയും പാരായണം ചെയ്തശേഷം ഹുസൂറ് അയ്യദഹുല്ലാഹു തആലാ പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: നമ്മുടെ ഉള്ളിൽ അല്ലാഹു തആലയോടുള്ള ഭയം ഉളവാകുന്നതിനും, തഖ്‌വയിലും ദൈവഭയത്തിലും പരിത്യാഗത്തിലും വിനയത്തിലും പരസ്പര സ്നേഹത്തിലും സഹോദര്യത്തിലും നാം പരസ്പരം മാതൃകകളായി ത്തീരുന്നതിനുമാണ് നാം ഈ ജൽസ സംഘടിപ്പിക്കുന്നത്.

അതിനാൽ, ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഈ ജൽസകൾ സംഘടിപ്പിക്കപ്പെടുന്നത്. അതേ ഉദ്ദേശ്യത്തോടെയാണ് ഇന്ന് നിങ്ങൾ ഇവിടെ ഒരുമിച്ചു കൂടിയിരിക്കുന്നതും.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നാം പൂർണ്ണശ്രമം നടത്താതിരുന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ ബൈഅത്തിൽ പ്രവേശിച്ചതും ഈ ജൽസകളിൽ പങ്കെടുക്കുന്നതും അർത്ഥശൂന്യമാണെന്ന കാര്യം എപ്പോഴും ഓർക്കണം.

അതായത് (ആ മഹാത്മാവ് തുടരുന്നു) ഇസ്‌ലാമിക അധ്യാപനത്തിന്റെ അടിസ്ഥാനം തഖ്‌വയാണ്. തഖ്‌വ ഉണ്ടെങ്കിൽ മാത്രമേ മനുഷ്യന് അല്ലാഹു തആലാ നൽകിയിട്ടുള്ള അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം, ദീനിന്റെ അധ്യാപനങ്ങൾ അനുസരിക്കുന്നു എന്ന നമ്മുടെ അവകാശവാദം വെറും ഒരു അവകാശവാദമായി മാത്രം അവശേഷിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ അടിസ്ഥാന ലക്ഷ്യം തന്റെ ഒരു കവിതയിൽ ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

ہر اک نیکی کی جڑ یہ اتقا ہ اگر یہ جڑ رہی سب کچھ رہا ہے

(എല്ലാ നന്മയുടെയും അടിസ്ഥാനം തഖ്‌വയാണ്; ഈ വേര് നിലനിൽക്കുന്നുവെങ്കിൽ എല്ലാം നിലനിൽക്കുന്നതാണ്.)

ഇതിലെ രണ്ടാമത്തെ വരി അല്ലാഹു തആലാ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഇൽഹാം ചെയ്തതാണ്. അതിനാൽ തഖ്‌വ തന്നെയാണ് യഥാർത്ഥ അടിസ്ഥാനം. നമ്മുടെ ഉള്ളിൽ അത് നിലനിൽക്കുന്നിടത്തോളം നമ്മുടെ ലക്ഷ്യത്തിലും നാം വിജയിച്ചുകൊണ്ടിരിക്കും.

വിശുദ്ധ ഖുർആനിലും ശരീഅത്തിലും പൂർണ്ണമായി വിശ്വസിക്കുന്നതിന് തഖ്‌വ ആവശ്യമാണ്. ഇബാദത്തുകൾ നിർവഹിക്കുന്നതിനും തഖ്‌വ ആവശ്യമാണ്. കുടുംബകാര്യങ്ങളിൽ നല്ല രീതിയിൽ പെരുമാറുന്നതിനും തഖ്‌വ ആവശ്യമാണ്.

ഇസ്‌ലാമിൽ ഏറ്റവും ബഹുമാനിക്കപ്പെടുന്ന വ്യക്തി തഖ്‌വയുള്ളവനാണ്. അല്ലാഹു തആലാ പറയുന്നു, അവൻ മുത്തഖികളുടെ സുഹൃത്തും സഹായിയുമാണ്. അവൻ മുത്തഖികളെ സ്നേഹിക്കുന്നു. ഏറ്റവും നല്ല പര്യവസാനം മുത്തഖികൾക്കായിരിക്കും.

തിരുനബി ﷺയെ പൂർണ്ണമായി അനുസരിക്കുന്നതിനും തഖ്‌വ അനിവാര്യമാക്കിയിരിക്കുന്നു.

നാം എത്രതന്നെ പ്രതിജ്ഞകൾ ആവർത്തിച്ചുകൊണ്ടിരുന്നാലും ജമാഅത്തിനോട് ബന്ധപ്പെട്ടവരാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ബൈഅത്തിൽ പ്രവേശിച്ചുവെന്നും, തിരുനബി ﷺയിൽ പൂർണ്ണ വിശ്വാസം പുലർത്തുന്നുവെന്നും, അല്ലാഹു തആലായിൽ പൂർണ്ണമായ വിശ്വാസവും ഉറപ്പും പുലർത്തുന്നുവെന്നും മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നാലും ശരി നമ്മുടെ ഉള്ളിൽ തഖ്‌വ ഇല്ലെങ്കിൽ, ഈ മുദ്രാവാക്യങ്ങളെല്ലാം വെറും വീൺവാക്കുകൾ മാത്രമായിരിക്കും

അല്ലാഹു തആലാ എല്ലാത്തരം വിജയത്തിനും തഖ്‌വയെ നിബന്ധനയാക്കിയിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ അനേകം സ്ഥലങ്ങളിൽ അല്ലാഹു തആലാ തഖ്‌വയുടെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്. തഖ്‌വയിൽ വളരാൻ നിങ്ങൾ ശ്രമിക്കണമെന്ന് അല്ലാഹു തആലാ ഉപദേശിച്ചിട്ടുണ്ട്. നിങ്ങൾ തഖ്‌വയിൽ മുന്നേറുകയാണെങ്കിൽ, ഈമാനിലും അല്ലാഹുവിന്റെ സാമീപ്യം നേടുന്നതിലും നിങ്ങൾ മുന്നേറും.

നമുക്ക് വിജയങ്ങൾ കൈവരിക്കണമെങ്കിൽ, നമ്മുടെ ആത്മസംസ്കരണം നടത്തണമെങ്കിൽ, അല്ലാഹു തആലായുടെ സാമീപ്യം നേടണമെങ്കിൽ, അതിനായി നാം മുത്തഖികളാകണം.

വിശുദ്ധ ഖുർആന്റെ ആരംഭത്തിൽത്തന്നെ അല്ലാഹു തആലാ പറയുന്നു: ഇത് അല്ലാഹു തആലായിൽനിന്ന് അവതരിച്ചതിൽ യാതൊരു സംശയവുമില്ലാത്ത ഒരു ഗ്രന്ഥമാണ്. ഇത് മുത്തഖികൾക്ക് മാർഗദർശനമാണ്.

അതായത്, അല്ലാഹു തആലാ വ്യക്തമായി ഓർമ്മപ്പെടുത്തുന്നു: നിങ്ങൾക്ക് അല്ലാഹു തആലായുടെ ഗ്രന്ഥത്തിൽനിന്നും അതിന്റെ സന്ദേശത്തിൽനിന്നും അതിന്റെ ശരീഅത്തിൽനിന്നും പ്രയോജനം നേടാൻ കഴിയുക നിങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടായിരിക്കുമ്പോൾ മാത്രമാണ്.

അതിനാൽ, തഖ്‌വയില്ലാതെ ഇസ്‌ലാമിൽ മനുഷ്യന് യാതൊരു സ്ഥാനവുമില്ല എന്ന കാര്യം എപ്പോഴും നമ്മുടെ മുന്നിൽ ഉണ്ടായിരിക്കണം.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു:

ഖുർആൻ ശരീഫ് അവതരിച്ചതിന്റെ പരമമായ ഉദ്ദേശ്യം തന്നെ തഖ്‌വയുടെ മാർഗങ്ങൾ പഠിപ്പിക്കുകയാണെന്ന് അത് വ്യക്തമാക്കിയിരിക്കുന്നു.

മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർആനിൽ അല്ലാഹു തആലാ പറയുന്നു: വിശ്വാസികൾക്ക് ഈ ഖുർആനിൽ അല്ലാഹു തആലാ ശിഫായും കരുണയും നൽകിയിരിക്കുന്നു. എന്നാൽ അക്രമികൾക്ക് അത് നഷ്ടത്തിൽ മാത്രമേ വർധനവുണ്ടാക്കുകയുള്ളൂ.

തഖ്‌വ ഇല്ലാത്തവർക്ക് വിശുദ്ധ ഖുർആൻ യാതൊരു മാർഗവും കാണിച്ചുകൊടുക്കുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

നമ്മുടെ ശരീഅത്തിലും വിശുദ്ധ ഖുർആനിലും ഇതുതന്നെയാണ് കൽപ്പിച്ചിരിക്കുന്നത്: ദൃഷ്ടികളെ നിയന്ത്രിക്കുകയും കണ്ണുകൾ താഴ്ത്തുകയും ചെയ്യുക. ആളുകൾ ഇതനുസരിച്ച് പ്രവർത്തിക്കുകയും തഖ്‌വയുടെ ഈ അവസ്ഥ കൈവരിക്കുകയും ചെയ്താൽ, മനുഷ്യന് അനേകം പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ കഴിയും.

ഇന്നത്തെ സമൂഹത്തിൽ ലോകത്തെ നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന പാപങ്ങളിൽ പ്രധാനപ്പെട്ടവയും ഇതുതന്നെയാണ്.

അദ്ദേഹം പറയുന്നു: സ്ത്രീകളുടെ സൗന്ദര്യത്തെക്കുറിച്ചുള്ള കഥകൾ കേൾക്കരുത്. നിങ്ങൾക്ക് ഇടർച്ച സംഭവിക്കാവുന്ന കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

നബി കരീം ﷺ യിൽ വിശ്വസിക്കുകയും, അവിടുത്തെ നിർദേശങ്ങൾ, നമസ്കാരം മുതലായവ നിർവഹിക്കുകയും ചെയ്യാതെ മോക്ഷം ലഭിക്കുകയില്ല.

ചിലർ ചോദിക്കാറുണ്ട്: മറ്റു മതവിഭാഗങ്ങളിലെ ആളുകളും തങ്ങൾ സത്യത്തിലാണെന്ന് അവകാശപ്പെടുന്നില്ലേ? എന്നാൽ യാഥാർഥ്യം ഇതാണ്: ഇസ്‌ലാമിനും തിരുനബി ﷺ ക്കും പുറമെ മറ്റേതൊരു മതവും തങ്ങൾ മുഴുവൻ ലോകത്തിനും വേണ്ടി വന്നതാണെന്ന് അവകാശപ്പെടുന്നില്ല.

മനുഷ്യന്റെ കർത്തവ്യം അല്ലാഹുവിനോട് ചോദിക്കുന്നതിൽ ഒരിക്കലും മടിച്ചുനിൽക്കാതിരിക്കുക എന്നതാണ്. അല്ലാഹു തആലായുടെ സ്നേഹം നേടുന്നതിനായി അവനോടുതന്നെ നിരന്തരം ചോദിച്ചുകൊണ്ടിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹു തആലാ പറഞ്ഞിരിക്കുന്നത്, മുത്തഖികൾ നമസ്കാരം സ്ഥാപിക്കുന്നവരാണെന്ന് പറഞ്ഞിട്ട്. വീഴാൻ സാധ്യതയുള്ള ഒന്നിനെയാണ് ഉയർത്തി നിർത്തുന്നത്. അല്ലാഹു തആലായുടെ അനുഗ്രഹമില്ലാതെ മനുഷ്യന്റെ പരിശ്രമങ്ങൾ നിഷ്ഫലമാണ്. അതിനാൽ ആ റഹീമും കരീമുമായ അല്ലാഹു കൽപ്പിച്ചിരിക്കുന്നത്, സാധ്യമായത്ര തഖ്‌വയുടെ മാർഗത്തിലൂടെ നമസ്കാരം സ്ഥാപിക്കുന്നതിന് അവർ പരിശ്രമിക്കണമെന്നാണ്. പിന്നീട് അവർ എന്റെ വചനത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, അവരുടെ പരിശ്രമത്തിലും അധ്വാനത്തിലും മാത്രം ഞാൻ അവരെ വിട്ടുകളയുകയില്ല; മറിച്ച് ഞാൻ തന്നെ അവരുടെ കൈപിടിച്ച് സഹായിക്കും. അപ്പോൾ അവരുടെ നമസ്കാരം മറ്റൊരു രൂപം കൈവരിക്കുകയും, അവരുടെ ചിന്തയിലും സങ്കൽപ്പത്തിലും പോലും ഉണ്ടായിരുന്നിട്ടില്ലാത്ത ഒരു പുതിയ അവസ്ഥ അതിൽ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

അതുപോലെതന്നെ സാമ്പത്തിക പരമായ ഇബാദത്തുമുണ്ട്. ഒരു മനുഷ്യന് ചെയ്യാൻ കഴിയുന്നത്, തന്റെ പ്രിയപ്പെട്ട സമ്പത്തിൽനിന്ന് കുറെ അല്ലാഹുവിന്റെ മാർഗത്തിൽ നൽകുക എന്നതാണ്. അതുകൊണ്ടാണ് അല്ലാഹു തആലാ പറയുന്നത്:

നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് അവർ ചെലവഴിക്കുന്നു.

മനുഷ്യന് വിവിധ തരത്തിലുള്ള അനുഗ്രഹങ്ങളായ ജീവൻ, ആരോഗ്യം, അറിവ്, ശക്തി, സമ്പത്ത് മുതലായവയിൽനിന്ന് ലഭിച്ചിട്ടുള്ളതിന്റെ കാര്യത്തിൽ, സ്വന്തം പരിശ്രമത്തിലൂടെ മനുഷ്യന് പരമാവധി مِمَّا رَزَقْنٰهُمْ يُنْفِقُوْنَ നാം അവർക്ക് നൽകിയതിൽനിന്ന് അവർ ചെലവഴിക്കുന്നു എന്ന നിലയിൽ മാത്രമേ തന്റെ ആത്മാർത്ഥത പ്രകടിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനപ്പുറം പോകാനുള്ള കഴിവ് മാനുഷിക ശക്തികൾക്കില്ല.

അദ്ദേഹം പറയുന്നു: ഇത് എന്റെ വസ്തുവാണ് എന്ന ബോധം പോ ലും ഒരു രോഗമാണ്. നിങ്ങൾ ഓരോ വസ്തുവിനെയും അല്ലാഹു തആലായുടേതായി കണക്കാക്കുകയാണെങ്കിൽ, അതാണ് തഖ്‌വ.

ഹുസൂർ (അ) പറയുന്നു: നമസ്കാരം വളരെ ഭംഗിയായും ശ്രദ്ധാപൂർവമായും നിർവഹിക്കണം. കാരണം, എല്ലാ ആത്മീയ പുരോഗതികളുടെയും അടിത്തറയും പടവുമാണ് നമസ്കാരം. അതുകൊണ്ടാണ് നമസ്കാരം ഒരു മുഅ്മിന്റെ മിഅ്റാജാണെന്ന് പറയപ്പെട്ടിരിക്കുന്നത്.

ഈ ദീനിൽ ആയിരക്കണക്കിനും ലക്ഷക്കണക്കിനും ഔലിയാഉല്ലാഹും സത്യനിഷ്ഠരും അബ്ദാലുകളും ഖുത്ബുകളും കടന്നുപോയിട്ടുണ്ട്. അവർ

ശേഷം പേജ് 10 ൽ

ഖുത്ബ ജുമുഅ

2026 ആഗസ്റ്റ് 14/1405 സുഹൂർ 14

*മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ*

# കൃതജ്ഞത: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മാതൃക

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുൻ ഖുത്ബകളിൽ, അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നതിനെക്കുറിച്ച് തിരുനബിﷺ നൽകിയ അധ്യാപനങ്ങളും, ഇക്കാര്യത്തിൽ തിരുനബിﷺ സ്വന്തം ജീവിതത്തിലൂടെ കാണിച്ച മാതൃകയും ഞാൻ വിശദീകരിച്ചിരുന്നു. ഇന്ന്, ഈ കാലഘട്ടത്തിൽ തിരുനബിﷺയുടെ ആത്മാർത്ഥ ഭക്തദാസൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ അധ്യാപനത്തിന്റെ ഉന്നതമായ നിലവാരം എങ്ങനെ മനസ്സിലാക്കിയെന്നും, വിവിധ അവസരങ്ങളിലും വിവിധ സന്ദർഭങ്ങളിലൂടെയും അത് എങ്ങനെ അവതരിപ്പിച്ചുവെന്നും ഞാൻ വിവരിക്കുന്നതാണ്. അതുപോലെതന്നെ, അദ്ദേഹം സ്വജീവിതത്തിൽ ഇത് എങ്ങനെ പ്രാവർത്തികമാക്കിയെന്നും, ഇക്കാര്യത്തിൽ തന്റെ വീട്ടിലെ കുട്ടികൾക്ക് എങ്ങനെ മാർഗനിർദേശം നൽകിയെന്നും, ഒരു അഹ്മദിയിൽ നിന്ന് അദ്ദേഹത്തിനുണ്ടായിരുന്ന പ്രതീക്ഷകൾ എന്തായിരുന്നുവെന്നും ഞാൻ വിവരിക്കുന്നതാണ്. ഈ എല്ലാ കാര്യങ്ങളും ഇന്നത്തെ കാലഘട്ടത്തിൽ നമുക്കുള്ള മാർഗദർശക തത്ത്വങ്ങളാണ്.

അല്ലാഹു തആലയുടെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നതിന്റെ പ്രാധാന്യവും അതിന്റെ യുക്തിയും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഒരു വ്യക്തിക്ക് ഏതെങ്കിലും ഉന്നത പദവി ലഭിക്കുമ്പോൾ, അവൻ അഹങ്കാരിയാകുന്നു. അതേസമയം, ആ പദവിയിൽ ഇരിക്കുന്ന കാലത്ത് അവന് വളരെയധികം സൽപ്രവർത്തനങ്ങൾ ചെയ്യാനും മനുഷ്യരാശിക്ക് പ്രയോജനകരനാകാനും സാധിക്കും. അല്ലാഹു തആല പരിശുദ്ധ ഖുർആനിൽ പറയുന്നു:

لَئِنْ شَكَرْتُمْ لَاَزِيْدَنَّكُمْ وَلَئِنْ كَفَرْتُمْ اِنَّ عَذَابِيْ لَشَدِيْدٌ

*നിങ്ങൾ നന്ദി പ്രകടിപ്പിച്ചാൽ, തീർച്ചയായും ഞാൻ നിങ്ങൾക്ക് കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിച്ചാൽ, എന്റെ ശിക്ഷ കഠിനമാണെന്ന് അറിയുക. (വിശുദ്ധ ഖുർആൻ, 14:8)*

അതായത്, ഒരാൾക്ക് അല്ലാഹു തആലയുടെ അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ, അവൻ അതിന് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയും ജനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടാമെന്ന് ചിന്തിക്കുകയും വേണം. എന്നാൽ ഒരാൾ അങ്ങനെ ചെയ്യാതെ സ്വേച്ഛാധിപത്യപരമായി പെരുമാറാൻ തുടങ്ങുകയാണെങ്കിൽ, അല്ലാഹു തആല അവനിൽനിന്ന് ആ അനുഗ്രഹങ്ങൾ എടുത്തുകളയുകയും തന്റെ കോപം ഇറക്കിവിടുകയും ചെയ്യുന്നു. (മൽഫൂസാത്ത് വാല്യം 10, പേജ് 300)

മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

ഏറ്റവും പ്രഥമവും പ്രധാനവുമായ കാര്യം, നമുക്ക് ജീവനും ആരോഗ്യവും ശക്തിയും സമാധാനവും നൽകിയ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. അതോടൊപ്പം, വിശ്വാസത്തിന്റെ പ്രചാരണത്തിനുള്ള മാർഗങ്ങളും അവൻ നമുക്ക് ഒരുക്കിത്തന്നിരിക്കുന്നു. യഥാർത്ഥത്തിൽ, അല്ലാഹു തആലയുടെ അനുഗ്രഹങ്ങളെ എണ്ണിപ്പറയാൻ ഒരാൾ ശ്രമിച്ചാൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും എണ്ണിത്തീർക്കുക നമുക്ക് തീർത്തും അസാധ്യമാണ്. (മൽഫൂസാത്ത് വാല്യം 10, പേജ് 491)

മറ്റൊരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

മുസ്ലിംകൾ അല്ലാഹുവിനോട് അത്യന്തം നന്ദിയുള്ളവരായിരിക്കണം. കാരണം, സിദ്ധാന്തത്തിലും പ്രയോഗത്തിലും എല്ലാ തരത്തിലുള്ള ദുഷിപ്പുകളിൽനിന്നും, അധമത്വങ്ങളിൽനിന്നും, ന്യൂനതകളിൽനിന്നും പരിശുദ്ധമായ ഒരു മതമാണ് അവൻ അവർക്ക് നൽകിയിരിക്കുന്നത്.

ഒരു വ്യക്തി വളരെ സൂക്ഷ്മമായും ആഴമായും ചിന്തിച്ചാൽ, യഥാർത്ഥത്തിൽ എല്ലാ സ്തുതിയും എല്ലാ ഗുണങ്ങളുടെയും പൂർണ്ണമായ അവകാശിയും അല്ലാഹു തആല മാത്രമാണെന്ന് അവന് മനസ്സിലാകും. യഥാർത്ഥ അർത്ഥത്തിൽ, ഒരു മനുഷ്യനും മറ്റേതെങ്കിലും സൃഷ്ടിയും സ്തുതിക്കും പ്രശംസയ്ക്കും അർഹരല്ല.

ഒരു വ്യക്തി സ്വാർത്ഥതകളൊന്നുമില്ലാതെ ഈ വിഷയത്തെ നിരീക്ഷിച്ചാൽ, പ്രശംസയ്ക്ക് അർഹനായി കണക്കാക്കപ്പെടുന്ന ഏതൊരു വ്യക്തിയും യഥാർത്ഥത്തിൽ അർഹനാകുന്നത് എപ്പോഴാണെന്ന് വ്യക്തമായി മനസ്സിലാകും. അതായത്, ഒരുകാലത്ത് യാതൊന്നും നിലനിന്നിരുന്നില്ലാത്ത സമയത്ത്, അവൻ ഏതെങ്കിലും വസ്തുവിന് അസ്തിത്വം നൽകിയിട്ടുണ്ടാകണം അല്ലെങ്കിൽ, യാതൊന്നും നിലവിലില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, ഒരു വസ്തുവിനെ അസ്തിത്വത്തിലേക്ക് കൊണ്ടുവരുന്നതിനും അതിനെ നിലനിർത്തുന്നതിനും അതിന്റെ ആരോഗ്യവും ജീവിതവും സംരക്ഷിക്കുന്നതിനും ആവശ്യമായ മാർഗങ്ങളും ഘടകങ്ങളും എന്തൊക്കെയാണെന്ന് യാതൊരു അറിവും ഇല്ലാതിരുന്നപ്പോൾ, ആ ആവശ്യമായ എല്ലാ മാർഗങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ടാകണം.

അതുമല്ലെങ്കിൽ, ഈ സൃഷ്ടി അനേകം ദുരിതങ്ങൾക്ക് ഇരയാകാമായിരുന്ന ഒരു സമയത്ത്, അതിനോട് കരുണ കാണിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്തിട്ടുണ്ടാകണം.

മാത്രമല്ല ഇതുകൂടാതെ, ഒരാൾ അധ്വാനിച്ച് ചെയ്യുന്ന പരിശ്രമം പാഴാകാതെ സംരക്ഷിക്കുകയും, അധ്വാനിക്കുന്നവർക്ക് അവരുടെ അവകാശങ്ങൾ പൂർണ്ണമായി നൽകുകയും ചെയ്താൽ, അയാളും പ്രശംസയ്ക്ക് അർഹനാകാം. ഒരു തൊഴിലാളിയുടെ അവകാശം നിറവേറ്റുന്നത് പുറമേനിന്ന് നോക്കുമ്പോൾ വെറും പ്രതിഫലം നൽകുന്നതായി തോന്നിയാലും, മറ്റുള്ളവരുടെ അവകാശങ്ങൾ പൂർണ്ണമായി നിറവേറ്റുന്ന അത്തരം ഒരാളെ ഒരു ഉപകാരിയായി കണക്കാക്കാവുന്നതാണ്.

ഈ ഗുണങ്ങളാണ് യഥാർത്ഥ പ്രശംസയ്ക്ക് അർഹനാക്കുന്നത്

ഇവയാണ് വിവിധ ഗുണങ്ങൾ. ഈ ഗുണങ്ങൾ ഒരാളിൽ ഉണ്ടായിരിക്കുകയും, അതിനുശേഷം അയാൾ മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുന്നില്ലെങ്കിൽ, യഥാർത്ഥത്തിൽ അയാൾ പ്രശംസയ്ക്ക് അർഹനാകുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഒരു വ്യക്തിയെ പ്രശംസയ്ക്കും പുകഴ്ചയ്ക്കും അർഹനാക്കുന്ന ഏറ്റവും ഉന്നതമായ ഗുണങ്ങളാണിവ. ഇനി ചിന്തിച്ചുനോക്കുക; യഥാർത്ഥത്തിൽ ഈ ഗുണങ്ങൾക്കെല്ലാം പൂർണ്ണമായും അർഹനായത് അല്ലാഹു തആല മാത്രമാണ്. (ഞാൻ പറഞ്ഞ മൂന്നോ നാലോ ഗുണങ്ങൾക്ക് അർഹനായത് അല്ലാഹു തആല മാത്രമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.)

ഈ ഗുണങ്ങൾ പൂർണ്ണതയുടെ പരമാവസ്ഥയിൽ അവനിൽ മാത്രമേയുള്ളൂ. മറ്റൊരു വ്യക്തിയിലും ഈ ഗുണങ്ങൾ കാണപ്പെടുന്നില്ല. (റുയ്ദാദ് ജൽസാ ദുആ, റൂഹാനി ഖസാഇൻ, വാല്യം 15, പേജ് 597–598)

ഈ ഗുണങ്ങൾ പൂർണ്ണമായി കൈവശമുള്ള മറ്റൊരു അസ്തിത്വവുമില്ല.

ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനും ജമാഅത്തെ അഹ്മദിയ്യയുടെ സ്ഥാപനത്തിനും അല്ലാഹു തആലയോട് നന്ദി പ്രകടിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലയോ ജ്ഞാനികളേ! അത്യന്തം ആവശ്യകതയുള്ള ഈ കാലഘട്ടത്തിലും കനത്ത ഇരുട്ട് നിറഞ്ഞിരിക്കുന്ന ഈ ദിവസങ്ങളിലും അല്ലാഹു തആല ആകാശീയമായ ഒരു പ്രകാശം ഇറക്കിയതിലും, സർവലോകത്തിന്റെയും നന്മയ്ക്കായി ഒരു ദാസനെ നിയോഗിച്ച് ലോകത്തിലേക്ക് അയച്ചതിലും നിങ്ങൾ അത്ഭുതപ്പെടേണ്ടതില്ല. ഇസ്ലാമിന്റെ സന്ദേശത്തിന്റെ മേധാവിത്വം പ്രകടമാക്കുന്നതിനും, മനുഷ്യോത്തമനായ തിരുനബിﷺയുടെ പ്രകാശം പ്രചരിപ്പിക്കുന്നതിനും, മുസ്ലിംകളെ സഹായിക്കുന്നതിനും അവരുടെ ആന്തരികാവസ്ഥയെ പരിശുദ്ധമാക്കുന്നതിനുമാണ് അദ്ദേഹം അയക്കപ്പെട്ടത്.

മറിച്ച്, ഇസ്ലാം മതത്തിന്റെ സംരക്ഷകനായ അല്ലാഹു–ഖുർആനിക അധ്യാപനങ്ങളുടെ സംരക്ഷകനായി എന്നേക്കും നിലകൊള്ളുമെന്നും, അവയെ മങ്ങിയതോ നിർജ്ജീവമോ പ്രകാശരഹിതമോ ആകാൻ ഒരിക്കലും അനുവദിക്കുകയില്ലെന്നും വാഗ്ദാനം ചെയ്ത അല്ലാഹു– ഈ ഇരുട്ട് കണ്ടിട്ടും, ആന്തരികവും ബാഹ്യവുമായ കുഴപ്പങ്ങൾ കണ്ടുകൊണ്ടിരുന്നിട്ടും നിശ്ശബ്ദനായി ഇരുന്നിരുന്നെങ്കിൽ മാത്രമേ അത്ഭുതപ്പെടേണ്ട സാഹചര്യമുണ്ടാകുമായിരുന്നുള്ളൂ. അതേസമയം, തന്റെ പരിശുദ്ധ വചനത്തിൽ അത്ര ശക്തമായി ഉറപ്പുനൽകിയ തന്റെ വാഗ്ദാനം അവൻ മറന്നുവെന്നതായിരിക്കും അപ്പോൾ സംഭവിക്കുക!

അല്ലാഹു തആല അയച്ച ഈ അനുഗ്രഹം അവന്റെ വാഗ്ദാനത്തിന് അനുസൃതമായിട്ടാണ് ഉണ്ടായത്. അതിൽ അത്ഭുതപ്പെടേണ്ട യാതൊരു കാര്യവുമില്ല. അല്ലാഹു തആല തന്റെ വാഗ്ദാനം നിറവേറ്റാതിരിക്കുകയും ഇസ്ലാമിന്റെ അധഃപതനം തുടർന്നുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ മാത്രമേ

അത്ഭുതപ്പെടേണ്ട സാഹചര്യമുണ്ടാകുമായിരുന്നുള്ളൂ.

അദ്ദേഹം തുടർന്ന് പറയുന്നു: വീണ്ടും ഞാൻ പറയുന്നു: അത്ഭുതപ്പെടേണ്ട സാഹചര്യമുണ്ടായിരുന്നെങ്കിൽ, ഓരോ നൂറ്റാണ്ടിന്റെയും ആരംഭത്തിൽ തന്റെ മതത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഉന്നത നിലവാരത്തിലുള്ള ഒരു ദാസനെ അല്ലാഹു തആല നിയോഗിച്ചുകൊണ്ടിരിക്കുമെന്ന് ആ പരിശുദ്ധ ദൂതൻ നടത്തിയ വ്യക്തവുംസു വ്യക്തവുമായ പ്രവചനം നിറവേറാതിരുന്നതായിരിക്കും അത്. അതിനാൽ ഇത് അത്ഭുതപ്പെടേണ്ട അവസരമല്ല. മറിച്ച്, ആയിരക്കണക്കിന് ആയിരക്കണക്കിന് നന്ദികൾ അർപ്പിക്കേണ്ട അവസരമാണിത്. സ്വന്തം വിശ്വാസവും ദൃഢനിശ്ചയവും ശക്തിപ്പെടുത്തേണ്ട സമയമാണിത്.

അങ്ങനെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ആഗമനം വരെ ഓരോ നൂറ്റാണ്ടിന്റെയും ആരംഭത്തിൽ വിവിധ ജനവിഭാഗങ്ങളിൽ മുജദ്ദിദുമാർ പ്രത്യക്ഷപ്പെട്ടതായി നാം കാണുന്നു. തുടർന്ന്, അവസാന സഹസ്രാബ്ദത്തിന്റെ മുജദ്ദിദായി അല്ലാഹു തആല അദ്ദേഹത്തെ നിയോഗിക്കുകയും, അദ്ദേഹത്തിന് വാഗ്ദത്ത മസീഹിന്റെയും മഹ്ദിയുടെയും പദവി നൽകുകയും ചെയ്തു.

അദ്ദേഹം തുടർന്ന് പറയുന്നു: ആയിരക്കണക്കിന് നന്ദികൾഅർപ്പിക്കേണ്ട അവസരമാണിത്. അല്ലാഹു തആല തന്റെ കൃപയിലൂടെയും കാരുണ്യത്തിലൂടെയും തന്റെ വാഗ്ദാനം നിറവേറ്റിയെന്നും, തന്റെ ദൂതന്റെ പ്രവചനത്തിൽ ഒരു നിമിഷത്തിന്റെ പോലും താമസം വരുത്തിയില്ലെന്നും ഉള്ള വിശ്വാസവും ദൃഢനിശ്ചയവും ശക്തിപ്പെടുത്തേണ്ട സമയമാണിത്. അവൻ ഈ പ്രവചനം മാത്രമല്ല നിറവേറ്റിയത്, മറിച്ച് ഭാവിയിൽ ആയിരക്കണക്കിന് പ്രവചനങ്ങൾക്കും അത്ഭുതങ്ങൾക്കും വാതിൽ തുറക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ആഗമനത്തോടെ അല്ലാഹു തആല മറ്റു നിരവധി പ്രവചനങ്ങളും നിറവേറ്റി. അദ്ദേഹം പറയുന്നു: നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ നന്ദിയുള്ളവരാകുക; നന്ദിയുടെ സജ്ദകൾ നിർവഹിക്കുക. കാരണം, നിങ്ങളുടെ മഹത്തായ പൂർവികർ ആകാംക്ഷയോടെ കാത്തിരുന്ന, എന്നാൽ അതിന്റെ ആഗമനം കാണുന്നതിനു മുമ്പുതന്നെ അവർ ഈ ലോകത്തോട് വിട പറഞ്ഞ ഒരു കാലഘട്ടത്തിലാണ് നിങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. എണ്ണമറ്റ ആത്മാക്കൾ ഈ ആഗ്രഹം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടുതന്നെ ഈ ലോകത്തുനിന്ന് യാത്രയായി.

പഴയകാലത്തെ മുസ്‌ലിം പണ്ഡിതന്മാരും ദൈവ ഭക്തന്മാരും വാഗ്ദത്ത മസീഹിന്റെ ആഗമനത്തിനായി കാത്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആഗമനം കാണാനുള്ള ഭാഗ്യം അവർക്കുണ്ടായില്ല. നിങ്ങൾ ആ കാലഘട്ടത്തിന് സാക്ഷികളാകാൻ ഭാഗ്യം ലഭിച്ചവരാണ്. അതിനാൽ അല്ലാഹു തആലയോട് നന്ദിയുള്ളവരായിരിക്കുക.

ഇതിനെ വിലമതിക്കണമോ വേണ്ടയോ, ഇതിൽനിന്ന് പ്രയോജനം നേടണമോ വേണ്ടയോ എന്നത് ഇപ്പോൾ നിങ്ങളുടെ കൈകളിലാണ്.

ഞാൻ ഇത് വീണ്ടും വീണ്ടും പ്രഖ്യാപിക്കും–ഈ പ്രഖ്യാപനം നടത്തുന്നതിൽനിന്ന് എനിക്ക് പിന്തിരിയാൻ കഴിയുകയില്ല–മനുഷ്യരാശിയുടെ പരിഷ്കരണത്തിനായി നിശ്ചിതസമയത്ത് അയക്കപ്പെട്ടത് ഞാൻ തന്നെയാണ്. (അല്ലാഹു തആല ആ വാഗ്ദാനം എന്നിലൂടെ നിറവേറ്റി.) വിശ്വാസം വീണ്ടും ഹൃദയങ്ങളിൽ ദൃഢമായി സ്ഥാപിക്കപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടത്. (ഫത്ഹെ ഇസ്‌ലാം (The Victory of Islam), പേജ് 7–10)

അദ്ദേഹത്തെ എതിർക്കുന്നവരും അദ്ദേഹത്തെ അംഗീകരിക്കാത്ത മുസ്‌ലിംകളും ഇതെല്ലാം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! അവർ അല്ലാഹു തആലയോട് നന്ദി പ്രകടിപ്പിക്കുകയും, അവൻ അയച്ച ദൂതനെ അംഗീകരിക്കുകയും, ഐക്യത്തിന്റെ ബന്ധത്തിൽ പരസ്പരം ഒന്നിക്കുകയും ചെയ്തിരുന്നെങ്കിൽ, ഇന്ന് മുസ്‌ലിംകൾ കടന്നുപോകുന്ന പ്രയാസങ്ങളിൽനിന്ന് അവർക്ക് രക്ഷപ്പെടാൻ സാധിക്കുമായിരുന്നു.

ഒരു സത്യാന്വേഷിയെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അല്ലാഹുവിന് നന്ദിയുള്ളവനായിരിക്കുക. കാരണം, നമുക്ക് സഹായം ഏറ്റവും ആവശ്യമായിരുന്ന സമയത്തുതന്നെ അവൻ നമ്മുടെ സഹായത്തിനെത്തുകയും ഈ ദൈവിക സംവിധാനത്തെ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ, നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഈ അനുഗ്രഹത്തെ പാഴാക്കിക്കളയരുത്. അതിനെ ആദരിക്കുകയും നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന സഹായത്തിനും പിന്തുണയ്ക്കും വിലകൽപ്പിക്കുകയും ചെയ്യുക. ഇക്കാര്യം നന്നായി മനസ്സിലാക്കുക: അല്ലാഹുവിന്റെ സഹായമില്ലാതെ, അവൻ ഒരാളെ സംസാരിക്കാൻ പ്രാപ്തനാക്കാതെ, ഒരു വ്യക്തിക്കും ഏതെങ്കിലും വിഷയത്തെ ശരിയായ രീതിയിൽ പൂർണ്ണ ശക്തിയോടെ വിശദീകരിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ സഹായമില്ലെങ്കിൽ, ഒരാൾക്ക് ഉചിതമായ തെളിവുകളും വാദങ്ങളും കണ്ടെത്താനും ഫലപ്രദമായി സംസാരിക്കാനും കഴിയുകയില്ല. (അല്ലാഹുവിന്റെ സഹായം ലഭിക്കുമ്പോഴാണ് യുക്തിസഹമായ തെളിവുകളും വാദങ്ങളും ലഭിക്കുന്നത്.)

അതുപോലെതന്നെ, അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്താലാണ് ഇത്തരത്തിൽ ഒരു വിഷയം വിശദീകരിക്കപ്പെടുമ്പോൾ, ഹൃദയത്തിൽ നന്മയുടെ കഴിവുള്ളവർക്ക് അല്ലാഹുവിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാൽ നിറഞ്ഞും സംസാരിക്കുന്ന വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്നത്.(അല്ലാഹു അയച്ച വ്യക്തിയെ തിരിച്ചറിയാൻ ആളുകൾക്ക് സാധിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ്.)

അതിനാൽ, അല്ലാഹു തആല നിങ്ങൾക്ക് നൽകിയിരിക്കുന്ന അതിമഹത്തായ അനുഗ്രഹമാണിത്. സത്യത്തെ തിരിച്ചറിയാനുള്ള കഴിവ് അവൻ നിങ്ങൾക്ക് നൽകി, സത്യം കാണുന്നതിനുള്ള കണ്ണുകളും നിങ്ങൾക്ക് നൽകി.

ഒരു സത്യാന്വേഷിയെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: നിങ്ങൾ സത്യം അന്വേഷിക്കുകയാണ്. അതിനാൽ, അല്ലാഹു തആല നിങ്ങൾക്ക് ഈ തിരിച്ചറിവ് നൽകിയതിന് അവനോട് നന്ദി പ്രകടിപ്പിക്കുക.

തങ്ങളെത്തന്നെ വലിയ പണ്ഡിതന്മാരായി കരുതുന്ന അനേകം ആളുകളുണ്ട്. എന്നാൽ അവർക്ക് യഥാർത്ഥമായ തിരിച്ചറിവില്ല. അവർ എതിർപ്പ് കൂടുതൽ കൂടുതൽ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങൾക്ക് തിരിച്ചറിവ് നൽകിയിരിക്കുന്നതിൽ നിങ്ങൾ നന്ദിയുള്ളവരായിരിക്കണം. ഇവ അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹങ്ങളാണ്.

അദ്ദേഹം പറയുന്നു: അല്ലാഹു നിങ്ങളെ ഈ രീതിയിൽ അനുഗ്രഹിച്ചിരുന്നില്ലെങ്കിൽ, മറ്റുള്ളവർസത്യത്തിന്റെ മറകളാൽ മൂടപ്പെട്ട് നിന്ദയും അധിക്ഷേപവും നടത്തുന്നതുപോലെ നിങ്ങളും അവരുടെ കൂട്ടത്തിൽപ്പെട്ടേനെ. അതിനാൽ, നിങ്ങളെ ഇവിടെ എത്തിച്ചത് അല്ലാഹുവിന്റെ കേവലമായ കൃപയാണ്.

തുടർന്ന് അദ്ദേഹം ഒരു ഉദാഹരണം നൽകി. അദ്ദേഹം പറഞ്ഞു:

ഉദാഹരണത്തിന്, മിയാൻ അബ്ദുൽ ഹഖിനെ തന്നെ നോക്കുക. അല്ലാഹുവിന്റെ കൃപ അദ്ദേഹത്തെ സഹായിക്കാൻ എത്തിയിരുന്നില്ലെങ്കിൽ, സുഖസൗകര്യങ്ങളോടെയുള്ള തന്റെ ജീവിതം എങ്ങനെ ഉപേക്ഷിക്കുമായിരുന്നു?

ഇവിടെ പരാമർശിച്ചിരിക്കുന്ന മിയാൻ അബ്ദുൽ ഹഖ് കസൂർ സ്വദേശിയായ മുൻശി അബ്ദുൽ ഹഖ് ആയിരുന്നു. ആ സമയത്ത് അദ്ദേഹം ബി.എ. പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം മുസ്‌ലിം ആയിരുന്നെങ്കിലും, ഈ പ്രസ്താവന നടത്തുന്നതിന് ഏകദേശം മൂന്ന് വർഷം മുമ്പ് അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചിരുന്നു.

തുടർന്ന് അദ്ദേഹം അൽഹകം പത്രവും ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ചില രചനകളും വായിച്ചതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്ക് ഒരു കത്ത് എഴുതി. ഇസ്‌ലാമിന്റെ സത്യതയും യാഥാർത്ഥ്യവും പ്രായോഗികമായി പ്രകടമാകുന്നത് കാണാൻ താൻ ആഗ്രഹിക്കുന്നു എന്നാണ് അദ്ദേഹം കത്തിൽ വ്യക്തമാക്കിയത്.

അദ്ദേഹം പറഞ്ഞു: ഇസ്‌ലാമിൽ അത്തരത്തിലുള്ള യാതൊന്നും തനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല; അതിനാൽ ഇസ്‌ലാമിന്റെ സത്യത പ്രായോഗികമായി തെളിയിക്കപ്പെടുന്നത് കാണാൻ താൻ ആഗ്രഹിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന് മറുപടി എഴുതി, കുറഞ്ഞത് രണ്ട് മാസത്തേക്കെങ്കിലും ഖാദിയാനിൽ വന്ന് താമസിക്കണമെന്ന് നിർദേശിച്ചു. അതനുസരിച്ച് അദ്ദേഹം ദാറുൽ അമാനിലേക്ക് യാത്രതിരിക്കുകയും 1901ൽ അവിടെ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ സന്നിധിയിൽ, പ്രത്യേകിച്ച് അദ്ദേഹത്തിന് ചുറ്റും നിരവധി ഉപദേശകർ ഒരുമിച്ചുകൂടിയിരുന്ന അവസരങ്ങളിൽ സമയം ചെലവഴിച്ചു. അദ്ദേഹം ഖാദിയാനിലേക്ക് പോകാൻ തീരുമാനിച്ച സമയത്ത്, പലരും അദ്ദേഹത്തെ അവിടേക്ക് പോകരുതെന്ന് ഉപദേശിച്ചിരുന്നു. അദ്ദേഹത്തെ തടയാൻ പോലും അവർ ശ്രമിച്ചു. അവരിൽ ഒരാൾ അദ്ദേഹത്തെ അധിക്ഷേപിക്കുന്നതിലേക്ക് വരെ എത്തി. അതേസമയം, അധിക്ഷേപകരമായ ഭാഷ ഉപയോഗിക്കുന്നത് അദ്ദേഹത്തിന്റെ മതത്തിൽ തന്നെ നിരോധിക്കപ്പെട്ടതും പൊതുവിൽ മര്യാദയ്ക്കും നല്ല പെരുമാറ്റത്തിനും വിരുദ്ധവുമായിരുന്നു.

എന്നിരുന്നാലും, ഇതെല്ലാമുണ്ടായിട്ടും അല്ലാഹുവിന്റെ കൃപ വിജയിക്കുകയും അദ്ദേഹത്തെ ഖാദിയാനിലേക്ക് ആകർഷിക്കുകയും ചെയ്തു.

**• ഹദീഥുന്നബ്‌വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ

LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

തിന്മയിലേക്കുള്ള മാർഗങ്ങൾ അദ്ദേഹത്തിന് ലഭ്യമായില്ല. അല്ലാത്തപക്ഷം, ആ സമയത്ത് അദ്ദേഹം വിവാഹിതനായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ വിവാഹം മൂലം ചില പ്രയാസങ്ങൾ ഉണ്ടായേക്കാമായിരുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അദ്ദേഹം വിവാഹം കഴിച്ചിരുന്നെങ്കിൽ, ഒരു പരീക്ഷണത്തെ നേരിടേണ്ടി വന്നേക്കാമായിരുന്നു. എന്നാൽ അല്ലാഹു എല്ലാ വിധത്തിലും അദ്ദേഹത്തെ സംരക്ഷിച്ചു.

അല്ലാഹുവിന്റെ കൃപ പെട്ടെന്ന് പുതുതായി നിലവിൽ വരുന്നതായ ഒന്നല്ല. അഥവാ, അല്ലാഹു തആല താൻ അനുഗ്രഹിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്ന കൃപയാണത്; അത് പുതുതായി രൂപപ്പെടുന്ന ഒന്നല്ല.). മറിച്ച്, അല്ലാഹു ഒരാൾക്ക് തന്റെ കൃപ നൽകുമ്പോൾ, അവനെ എല്ലാ വിധത്തിലും സംരക്ഷിക്കുന്നു.

നാം മുസ്‌ലിംകളായിരിക്കുന്നതുകൊണ്ട് മാത്രം എല്ലാം പൂർത്തിയായെന്ന് കരുതരുത്. ഇസ്‌ലാം മഹത്തായ ഒരു അനുഗ്രഹമാണ്. അതിന് വിലകൽപ്പിക്കുകയും അതിനായി നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക. ഇസ്‌ലാമിൽ വാക്കുകൾ ഉച്ചരിക്കുന്നതിലൂടെ മാത്രം നേടാനാകാത്ത ഒരു മഹത്തായ തത്ത്വ ശാസ്ത്രം അടങ്ങിയിരിക്കുന്നു.(മൽഫൂസാത്ത്, വാല്യം 2, പേജ് 435-436; പേജ് 515-516; ഉർദു ലുഗത്ത്, വാല്യം 17, പേജ് 986)

സ്വയം മുസ്‌ലിം എന്ന് പറയുന്നതുകൊണ്ട് മാത്രം കാര്യമില്ല.. ഇസ്‌ലാം ആവശ്യപ്പെടുന്ന അധ്യാപനങ്ങളും പ്രവർത്തനങ്ങളും തത്ത്വങ്ങളും ജീവിതത്തിൽ പിന്തുടരുകയും വേണം.

അഹ്മദിയ്യാ ജമാഅത്തിനോട് ആത്മാർത്ഥതയും സ്നേഹവും പുലർത്തുന്നവരെക്കുറിച്ച് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഈ അവസരത്തിൽ, അല്ലാഹു തആലയുടെ കൃപയും അനുഗ്രഹവും എന്നെ ഒറ്റയ്ക്ക് വിട്ടുകളഞ്ഞിട്ടില്ല എന്ന കാര്യം പരാമർശിക്കുകയും അതിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്യാതെ എനിക്ക് മുന്നോട്ട് പോകാൻ കഴിയില്ല.

ഞാനുമായി സാഹോദര്യ ബന്ധം സ്ഥാപിക്കുകയും, അല്ലാഹു തആല സ്വന്തം കൈകൊണ്ട് സ്ഥാപിച്ച ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവർ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും നിറങ്ങളാൽ അതിമനോഹരമായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഇത് എന്റെ യാതൊരു പരിശ്രമത്തിന്റെയും ഫലമായിരുന്നില്ല. മറിച്ച്, തന്റെ പ്രത്യേക കൃപയാൽ അല്ലാഹു തആല ആത്മാർത്ഥത നിറഞ്ഞ ഈ ആത്മാക്കളെ എനിക്ക് സമ്മാനിച്ചതാണ്.

(ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ), അഹ്മദിയ്യത്ത് സ്വീകരിച്ച ആത്മാർത്ഥരായ ആളുകളെ പ്രശംസിച്ചുകൊണ്ട്, അവർ ആത്മാർത്ഥത നിറഞ്ഞ ആത്മാക്കളായി തന്റെ അടുത്തേക്ക് വന്നതിനെക്കുറിച്ചാണ് പറയുന്നത്.)

ഒന്നാമതായി, എന്റെ ആത്മീയ സഹോദരനായ ഒരാളെക്കുറിച്ച് പരാമർശിക്കാനുള്ള ശക്തമായ ആഗ്രഹം എന്റെ ഹൃദയത്തിൽ അനുഭവപ്പെടുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥതയുടെ പ്രകാശം പോലെതന്നെ അദ്ദേഹത്തിന്റെ പേരും നൂറുദ്ദീൻ അഥവാ ദീനിന്റെ പ്രകാശം എന്നാണ്.

ഇസ്‌ലാമിന്റെ സന്ദേശത്തിന്റെ പ്രചാരണത്തിനായി, അദ്ദേഹം നിയമാനുസൃതമായി സമ്പാദിച്ച തന്റെ സമ്പത്തിൽനിന്ന് ചെലവഴിച്ച് കൊണ്ട് നിർവഹിക്കുന്ന വിവിധ മതസേവനങ്ങളെ ഞാൻ അതിയായ ആകാംക്ഷയോടെ നിരന്തരം നോക്കിക്കാണുന്നു. ആഹാ! ഈ സേവനങ്ങൾ എനിക്കും നിർവഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ!

ഇസ്‌ലാമിന്റെ സേവനത്തിനായി അദ്ദേഹം തന്നെ വളരെയധികം പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടും, ഹദ്റത്ത് മൗലവി നൂറുദ്ദീൻ(റ)യുടെ ത്യാഗങ്ങൾ കണ്ടപ്പോൾ, തനിക്കും അത്തരത്തിലുള്ള സാമ്പത്തിക സേവനങ്ങൾ നിർവഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് അദ്ദേഹം ആഴമായ ആഗ്രഹം പ്രകടിപ്പിക്കുന്നു.

വിശ്വാസത്തിന്റെ സേവനത്തിനായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞൊഴുകുന്ന ജ്വലിക്കുന്ന ആവേശത്തെക്കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ, അല്ലാഹു തന്റെ ദാസന്മാരെ തന്നിലേക്ക് എങ്ങനെ ആകർഷിക്കുന്നു എന്നതിന്റെ ദൈവിക ശക്തിയുടെ ഒരു ദൃശ്യം എന്റെ കൺമുന്നിൽ പ്രത്യക്ഷപ്പെടുന്നു.

അദ്ദേഹം തന്റെ സമ്പത്തും ശക്തിയും എല്ലാ വിഭവങ്ങളും ഉപയോഗിച്ച് അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കാൻ എപ്പോഴും സന്നദ്ധനാണ്.

(ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ)യെക്കുറിച്ചാണ് സംസാരിക്കുന്നത്.)

മാത്രമല്ല, ഇത് വെറും മറ്റുള്ളവരെക്കുറിച്ച് നല്ല ധാരണ പുലർത്തുന്നതിന്റെ അടിസ്ഥാനത്തിലുള്ള അറിവല്ല; എന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ ഞാൻ സത്യമായി മനസ്സിലാക്കിയ കാര്യമാണ്-എന്റെ ദൗത്യത്തിനായി, തന്റെ സമ്പത്ത് മാത്രമല്ല, തന്റെ ജീവനും അഭിമാനവും വരെ ത്യജിക്കാൻ അദ്ദേഹം ഒട്ടും മടിക്കുന്നില്ല.

ഞാൻ അനുവദിച്ചിരുന്നെങ്കിൽ, തന്റെ ആത്മീയ സഹവാസം പോലെതന്നെ ശാരീരിക സഹവാസത്തിന്റെയും, എല്ലായ്പ്പോഴും എന്റെ സന്നിധിയിൽ കഴിയുന്നതിന്റെയും കടമ നിറവേറ്റുന്നതിനായി ഈ ദൗത്യത്തിൽ അദ്ദേഹം തന്റെ എല്ലാം ത്യജിക്കുമായിരുന്നു. (ഫത്ഹെ ഇസ്‌ലാം. (The Victory of Islam), പേജ് 30-31

അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ കൂടെ സ്ഥിരമായി കഴിയുമായിരുന്നു. ഈ വാക്കുകൾ എഴുതപ്പെട്ടത് ഏക ദേശം 1890 കളുടെ അവസാനത്തോടടുത്ത കാലത്താണ്. ഫത്ഹെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിലാണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്. പി ന്നീട് ഹദ്റത്ത് മൗലവി ഹകീം നൂറുദ്ദീൻ(റ) എല്ലാം ഉപേക്ഷിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) യുടെ സവിധത്തിലേക്ക് വരികയും, അദ്ദേഹത്തോടൊപ്പം കഴിയുകയും ചെയ്തു.

അല്ലാഹു തആലയുടെ അർറഹ്മാൻ എന്ന ഗുണവിശേഷണത്തിന് കീഴിൽ അവൻ നൽകുന്ന ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അനന്തമായ സ്തുതിക്കും ആരാധനയ്ക്കും അർഹനായ മഹാനായ നാഥൻ എത്ര പരിശുദ്ധൻ! മുൻകൂട്ടി നിലവിലുണ്ടായിരുന്ന യാതൊരു വസ്തുവിന്റെയോ പദാർത്ഥത്തിന്റെയോ സഹായമില്ലാതെ, തന്റെ കല്പനയിലൂടെയും വിധിയിലൂടെയും എല്ലാ ആത്മാക്കളെയും ശരീരങ്ങളെയും സൃഷ്ടിച്ചുകൊണ്ട് തന്റെ മഹത്തായ ശക്തി പ്രകടമാക്കിയവനാണവൻ. അധ്യാപകന്റെയോ ഗുരുവിന്റെയോ സഹായമില്ലാതെ എല്ലാ മഹത്തായ പ്രവാചകന്മാർക്കും ജ്ഞാനം നൽകുകയും അവരുടെ സ്വഭാവഗുണങ്ങളെ പൂർണ്ണതയിലെത്തിക്കുകയും ചെയ്തുകൊണ്ട് തന്റെ ശാശ്വതമായ കൃപയുടെ അടയാളവും അവൻ പ്രകടമാക്കി.

അതായത്, അല്ലാഹു അയക്കുന്ന പ്രവാചകന്മാരെ അവൻ തന്നെയാണ് പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവർക്കുള്ള കൽപ്പനകൾ നൽകുകയും ചെയ്യുന്നത്.

അദ്ദേഹം തുടർന്ന് പറയുന്നു: പരമകാരുണികനും അനുഗ്രഹദാതാവുമായ അല്ലാഹു പരിശുദ്ധനാകുന്നു. യാതൊരു യോഗ്യതയും അർഹതയും നമുക്കില്ലാതിരുന്നിട്ടും, ദരിദ്രരായ മനുഷ്യരായ നമുക്ക് ആവശ്യമായതെല്ലാം അവൻ നൽകിയിരിക്കുന്നു. നമ്മുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൂര്യനെയും ചന്ദ്രനെയും മേഘങ്ങളെയും കാറ്റുകളെയും അവൻ നിശ്ചയിച്ചു. നമ്മുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, അവയുടെ യഥാസമയങ്ങളിൽ തൗറാത്തും ഇഞ്ചീലും ഖുർആനും മറ്റു എല്ലാ ആകാശീയ ഗ്രന്ഥങ്ങളും അവൻ ഇറക്കിത്തന്നു.

തുടർന്ന് അദ്ദേഹം പ്രാർത്ഥിച്ചു:

അല്ലാഹുവേ! നിന്നിലേക്ക് നയിക്കുന്ന പാതയിലേക്ക് ഞങ്ങളെ മാർഗദർശനം ചെയ്തതിനും, നിന്റെ പരിശുദ്ധ ഗ്രന്ഥങ്ങൾ ഇറക്കിത്തന്ന് ചിന്തയിലും ബുദ്ധിയിലും സംഭവിച്ചേക്കാവുന്ന തെറ്റുകളിൽനിന്ന് ഞങ്ങളെ രക്ഷിച്ചതിനും നിനക്ക് എണ്ണമറ്റ നന്ദികൾ.

പ്രവാചക കുലോത്തമൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ﷺ (തിരഞ്ഞെടുക്കപ്പെട്ടവൻ)ക്കും, അദ്ദേഹത്തിന്റെ കുടുംബത്തിനും അനുചരന്മാർക്കും ഞങ്ങൾ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

അദ്ദേഹത്തിലൂടെ വഴി തെറ്റിപ്പോയ ഒരു ലോകത്തെ മുഴുവൻ അല്ലാഹു നേർവഴിയിലേക്ക് നയിച്ചു. വഴി തെറ്റിയ ജനങ്ങളെ ശരിയായ പാതയിലേക്ക് തിരിച്ചുകൊണ്ടുവന്ന അധ്യാപകനും ഉപകാരിയുമായിരുന്നു അദ്ദേഹം. ശിർക്കിൽനിന്നും വിഗ്രഹാരാധനയുടെ ശാപത്തിൽനിന്നും മനുഷ്യരെ മോചിപ്പിച്ച ദയാലുവും കരുണാമയനുമായിരുന്നു അദ്ദേഹം.

തൗഹീദിന്റെ [അല്ലാഹുവിന്റെ ഏകത്വത്തിന്റെ ] പ്രകാശത്താൽ ലോകത്തെ പ്രകാശിപ്പിച്ച പ്രകാശവും പ്രകാശം വിതറിയവനുമായിരുന്നു അദ്ദേഹം. രോഗബാധിതമായ ഹൃദയങ്ങളെ സന്മാർഗത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ പ്രാപ്തമാക്കിയ രോഗശാന്തിക്കാരനും വൈദ്യനുമായിരുന്നു അദ്ദേഹം.

ആ മഹാത്മാവ് ജീവന്റെ അമൃതം നൽകി മരിച്ചവരെ പുനരുജ്ജീവിപ്പിച്ച മഹത്തായ അത്ഭുതപ്രവർത്തകനുമായിരുന്നു.

(ഇവിടെ മരിച്ചവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയമായി മരിച്ചവരെയാണ്.)

തന്റെ ഉമ്മത്തിനുവേണ്ടി വേദനയും ദുഃഖവും സഹിച്ച കരുണാമയനും ദയാലുവുമായിരുന്നു നബി(സ).

(അദ്ദേഹത്തിന്റെ സമൂഹം അധഃപതനത്തിലേക്ക് നീങ്ങുകയായിരുന്നു. അതിന്റെ പരിഷ്കരണത്തിനായാണ് ആ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അയക്കപ്പെട്ടത്. തന്റെ ഉമ്മത്തിന്റെ അവസ്ഥയിൽ അദ്ദേഹം അതിയായ വേദന അനുഭവിച്ചു.)

മരണത്തിന്റെ വായിൽനിന്ന് ഞങ്ങളെ രക്ഷിച്ച ധീരനും വീരനുമായിരുന്നു അദ്ദേഹം.

(ആദ്യം ലോകത്തിന്റെ പരിഷ്കരണത്തിനായി അല്ലാഹു തിരുനബി ﷺ യെ അയച്ചു. തുടർന്ന് അവന്റെ സത്യദാസനെയും അയച്ചു. തിരുനബി ﷺ യെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അദ്ദേഹം മരണത്തിന്റെ വായിൽനിന്ന് ഞങ്ങളെ രക്ഷിച്ച ധീരനും വീരനുമായിരുന്നു.)

തന്റെ നാഥന്റെ മുമ്പിൽ പൂർണ്ണ


• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

മായ അനുസരണയോടെ ശിരസ്സ് നമിക്കുകയും തന്റെ അഹംഭാവത്തെ പൂർണ്ണമായി ഇല്ലാതാക്കുകയും ചെയ്ത വിനയാന്വിതനും നിസ്വാർത്ഥനുമായിരുന്നു അദ്ദേഹം (അതായത്, തിരുനബി ﷺ.)

അല്ലാഹുവിന്റെ ഏകത്വത്തിൽ പൂർണ്ണമായി വിശ്വസിച്ചിരുന്ന മഹാനായ വിശ്വാസിയും വിജ്ഞാനത്തിന്റെ മഹാസമുദ്രവുമായിരുന്നു അദ്ദേഹം. അല്ലാഹുവിന്റെ മഹത്വമല്ലാതെ മറ്റൊന്നിനും അദ്ദേഹം ഭയപ്പെട്ടില്ല; അല്ലാഹുവിനുപുറമെ മറ്റെല്ലാം നിസ്സാരമായി അദ്ദേഹം കണ്ടു.

അക്ഷരജ്ഞാനമില്ലാത്തവനായിരുന്നിട്ടും ദൈവിക ജ്ഞാനത്തിന്റെ കാര്യത്തിൽ എല്ലാവരെയും അതിജീവിക്കുകയും, വിവിധ ജനതകൾ അനുഭവിച്ചുകൊണ്ടിരുന്ന തെറ്റുകളും പിഴവുകളും അവരുടെ മുമ്പിൽ വ്യക്തമായി അവതരിപ്പിക്കുകയും ചെയ്ത ദൈവിക ശക്തിയുടെ അത്ഭുതമായിരുന്നു അദ്ദേഹം. (ബറാഹീനെ അഹ്മദിയ്യ, ഭാഗം 1 (ഇംഗ്ലീഷ്), പേജ് 25–26; ഉർദു ലുഗത്ത്, വാല്യം 22, പേജ് 498–499)

ഇത് തിരുനബിﷺ-യെക്കുറിച്ചുള്ള ഒരു വിവരണമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യം തൗറാത്തിലൂടെയും ഇഞ്ചീലിലൂടെയും മാർഗദർശനം ലഭിച്ച ജനതകൾക്ക് ആ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങൾ അവതരിപ്പിച്ചു. എന്നാൽ പിന്നീട് ലോകത്ത് അധ:പതനവും ദുഷിപ്പും വ്യാപിച്ചപ്പോൾ, അല്ലാഹു തആല അയച്ചത് തിരുനബിﷺയുടെ പവിത്രമായ വ്യക്തിത്വത്തെയായിരുന്നു. അദ്ദേഹത്തിലൂടെ ജനങ്ങളെ അവരുടെ സ്രഷ്ടാവിലേക്ക് വീണ്ടും തിരിച്ചുകൊണ്ടുവന്നു.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിക്കുന്നു:

അല്ലയോ സർവലോകങ്ങളുടെയും നാഥാ! നിന്റെ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പ്രകടിപ്പിക്കാൻ എനിക്ക് സാധ്യമല്ല. നീ അത്യന്തം കരുണാനിധിയും ദയാലുവുമാണ്. നീ എനിക്ക് നൽകിയ അനുഗ്രഹങ്ങൾ എണ്ണമറ്റതാണ്. ഞാൻ നശിച്ചുപോകാതിരിക്കാനായി എന്റെ പാപങ്ങൾ ക്ഷമിക്കണമേ. നിനക്കുവേണ്ടിയുള്ള ആത്മാർത്ഥമായ സ്നേഹം കൊണ്ട് എന്റെ ഹൃദയം നിറയ്ക്കണമേ; അങ്ങനെ എനിക്ക് യഥാർത്ഥ ജീവിതം പ്രാപിക്കാനാകട്ടെ. എന്റെ ന്യൂനതകൾ മറച്ചുവെക്കുകയും, നിന്റെ പ്രീതിക്ക് കാരണമാകുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്യണമേ. നിന്റെ ശിക്ഷ എന്നെ ബാധിക്കാതിരിക്കാനായി നിന്റെ മഹത്വപൂർണ്ണമായ മുഖത്തോട് ഞാൻ അഭയം തേടുന്നു. കരുണ കാണിക്കുകയും ഇഹലോകത്തെയും പരലോകത്തെയും ദുരിതങ്ങളിൽനിന്ന് എന്നെ രക്ഷിക്കുകയും ചെയ്യണമേ. എല്ലാ കൃപയും കാരുണ്യവും നിന്റെ കൈകളിലാണ്. ആമീൻ, വീണ്ടും ആമീൻ. (മൽഫൂസാത്ത് –(ഇംഗ്ലീഷ്), വാല്യം 1, പേജ് 241)

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു: ദൈവത്തെ അറിയാനും അവനെ ഭയപ്പെടാനും സാധിക്കുന്നതിന് മറ്റേതൊരു കാലഘട്ടത്തിലും മറ്റേതൊരു സമയത്തും കാണപ്പെട്ടിട്ടില്ലാത്ത തരത്തിലുള്ള മാർഗം നൽകുന്ന ഒരു മതം നമുക്ക് നൽകിയ ആ പരമകാരുണികനായ നാഥന് ആയിരമിരട്ടി നന്ദി അർപ്പിക്കപ്പെടട്ടെ.

ഈ പരിശുദ്ധ മതത്തിലേക്ക് നാം പ്രവേശിച്ചത് ആരിലൂടെ ആണോ, ആ പാപരഹിതനായ പ്രവാചകന്റെ മേൽ ആയിരക്കണക്കിന് ആയിരക്കണക്കിന് അനുഗ്രഹങ്ങൾ ഉണ്ടാകട്ടെ. ഈ ഉദ്യാനത്തെ സ്വന്തം രക്തംകൊണ്ട് നനച്ച തിരുനബിﷺയുടെ അനുചരന്മാരുടെ മേൽ ആയിരക്കണക്കിന് കാരുണ്യങ്ങളും ഉണ്ടാകട്ടെ.(ബറാഹീനെ അഹ്മദിയ്യ, ഭാഗം 5 (ഇംഗ്ലീഷ്), - പേജ് 44)

മറ്റൊരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അല്ലാഹുവിന്റെ ദൃഷ്ടിയിൽ സത്യസന്ധരും സദ്വൃത്തരുമായവർ എല്ലായ്പ്പോഴും അജ്ഞരായ ആളുകളുടെ കൈകളിൽനിന്നും അവരുടെ നാവുകളിൽനിന്നും കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടുണ്ട്.

അല്ലാഹു തആലയുടെ ദൃഷ്ടിയിൽ സദ്വൃത്തരും സത്യസന്ധരുമായവർ, യഥാർത്ഥത്തിൽ തങ്ങളുടെ വിശ്വാസത്തോട് ബന്ധപ്പെട്ടു നിൽക്കുന്നവർ, അല്ലാഹു തആലയോട് വിശ്വസ്തരായവർ–അവർ അജ്ഞരായ ആളുകളുടെ കൈകളിൽനിന്നും നാവുകളിൽനിന്നും ഉപദ്രവങ്ങൾ സഹിക്കേണ്ടിവരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ വിവിധ സ്ഥലങ്ങളിൽ അഹ്മദികൾക്കും ഇതുപോലുള്ള പീഡനങ്ങൾ നേരിടേണ്ടിവരുന്നു.

ആദികാലം മുതൽ തന്നെ അല്ലാഹുവിന്റെ ശാശ്വതമായ നടപടിക്രമം ഇങ്ങനെയായിരുന്നതിനാൽ, നമ്മുടെ സ്വന്തം ആളുകളിൽനിന്നോ അന്യരിൽനിന്നോ നമുക്കും ഏതെങ്കിലും തരത്തിലുള്ള ഉപദ്രവം സഹിക്കേണ്ടിവന്നാൽ, നാം നന്ദി പ്രകടിപ്പിക്കുകയും സന്തോഷിക്കുകയും വേണം. കാരണം, ആ യഥാർത്ഥ പ്രിയതമന്റെ ദൃഷ്ടിയിൽ, അവന്റെ മാർഗത്തിൽ കഷ്ടപ്പെടാൻ അർഹരാക്കപ്പെട്ടവരായി നാം മാറിയിരിക്കുന്നു എന്നത് തന്നെയാണ് നമ്മുടെ ഭാഗ്യം.

അല്ലാഹു തആലയുടെ മാർഗത്തിൽ നാം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ടെങ്കിൽ, അതും നമ്മുടെ ഭാഗ്യം തന്നെയാണ്. അതിനാൽ നാം സന്തോഷിക്കുകയും അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയും വേണം. കാരണം, അല്ലാഹു തആല സ്നേഹിക്കുന്നവർക്കാണ് അവന്റെ മാർഗത്തിൽ കഷ്ടപ്പാടുകൾ സഹിക്കാനും പീഡനങ്ങൾ നേരിടാനും അവസരം ലഭിക്കുന്നത്.

അതിനാൽ, ഈ രീതിയിൽ കഷ്ടപ്പാടുകൾ സഹിക്കുന്നത് തീർച്ചയായും നമ്മുടെ ബഹുമാനം തന്നെയാണ്. എന്നാൽ മറുവശം നോക്കുമ്പോൾ, വിശ്വാസത്തിന്റെ ചില ശത്രുക്കൾ അവരുടെ കെട്ടിച്ചമച്ച ആരോപണങ്ങളിലൂടെ ഞങ്ങൾക്ക് വിഷമം ഉണ്ടാക്കുന്നതിൽ മാത്രം തൃപ്തരാകാതെ, അറിവില്ലാത്തവരും യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധമില്ലാത്തവരുമായ ആളുകളെപ്പോലും അസ്വസ്ഥതയിലേക്കും ആശയക്കുഴപ്പത്തിലേക്കും തള്ളിവിടുന്നു. അത്തരമൊരു സാഹചര്യത്തിൽ, ഈ അറിവില്ലാത്ത ആളുകളെ ആ ആശയക്കുഴപ്പത്തിൽനിന്ന് നമ്മുടെ കഴിവിന്റെ പരമാവധി സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്ന് ഞങ്ങൾ കരുതുന്നു. (മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 141–142)

അതായത്, യാഥാർത്ഥ്യം അവരോട് വിശദീകരിക്കുകയും, ജനങ്ങൾക്ക് ദോഷം വരുത്തുന്നതിനായി ഈ ശത്രുക്കൾ ചെയ്യുന്ന തിന്മകളെ തുറന്നുകാണിക്കുകയും വേണം. എന്നാൽ ജനങ്ങളെ കുഴപ്പങ്ങളിൽനിന്ന് സംരക്ഷിക്കുക എന്നതിന്റെ അർത്ഥം, നമ്മുടെ എതിരാളികൾ ഉപയോഗിക്കുന്ന അതേ പരുഷമായ ഭാഷ നാം തന്നെ ഉപയോഗിക്കാൻ തുടങ്ങുകയും മര്യാദയുടെ പരിധികൾ വിട്ടിറങ്ങുകയും ചെയ്യുക എന്നല്ല. മറിച്ച്, ഇസ്‌ലാമിക അധ്യാപനങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അവരുടെ തെറ്റായ പ്രചാരണങ്ങൾക്കും അപവാദപരമായ ആരോപണങ്ങൾക്കും മറുപടി നൽകുകയാണ് വേണ്ടത്.

നമ്മുടെ ഓരോ പ്രബോധകനും ഇക്കാര്യം പ്രത്യേകം മനസ്സിൽ സൂക്ഷിക്കണം. ചിലപ്പോൾ വിമർശകരുടെ എതിർപ്പുകൾക്ക് മറുപടി പറയുന്നതിനിടെ, നമ്മുടെ ഭാഗത്തുനിന്നും തന്നെ ചിലർ അത്തരം വാക്കുകൾ ഉപയോഗിക്കാറുണ്ട്; അതുവഴി നമ്മുടെ ധാർമിക നിലവാരത്തെ ചോദ്യം ചെയ്യാനുള്ള അവസരം എതിർപ്പുകാരന് ലഭിക്കുന്നു.

നമ്മുടെ സ്വഭാവവും പെരുമാറ്റവും വളരെ ഉന്നതമായിരിക്കണം. തീർച്ചയായും നാം സത്യം വ്യക്തമാക്കണം; എന്നാൽ അത് ഉത്തമമായ ധാർമിക പെരുമാറ്റത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹു തആല എനിക്ക് നൽകിയിട്ടുള്ള തന്റെ കൃപാപൂർണ്ണമായ അനുഗ്രഹങ്ങൾക്ക് മതിയായ നന്ദി പ്രകടിപ്പിക്കാൻ എനിക്ക് കഴിയുന്നില്ല.

ഇന്ന് ഉലമാക്കൾ എന്നെ കാഫിറാണെന്ന് ആരോപിക്കുകയും, എല്ലാ ഭാഗത്തുനിന്നും لَسْتَ مُؤْمِنًا (നീ വിശ്വാസിയല്ല.)എന്ന ശബ്ദം കേൾക്കുകയും ചെയ്യുന്ന സമയമാണിത്:

എന്നാൽ പരിശുദ്ധനായ അല്ലാഹു എന്നോട് പറയുന്നു: قُلْ اِنِّیْ اُمِرْتُ وَاَنَا اَوَّلُ الْمُؤْمِنِیْنَ (പറയുക: എനിക്ക് കൽപ്പന ലഭിച്ചിരിക്കുന്നു; ഞാൻ വിശ്വാസികളിൽ മുൻപന്തിയിലുള്ളവനാണ്.)

ഒരു ഭാഗത്ത് ഈ മതപണ്ഡിതന്മാർ പറയുന്നു: എങ്ങനെയെങ്കിലും ഈ മനുഷ്യനെ ഉന്മൂലനം ചെയ്യുക. മറുഭാഗത്ത് ഈ വെളിപ്പാട് വരുന്നു:

یَتَرَبَّصُوْنَ عَلَیْکَ الدَّوَائِرَ عَلَیْھِمْ دَائِرَۃُ السَّوْءِ

(അവർ നിനക്കു ദുരന്തം സംഭവിക്കുന്നതിനായി കാത്തിരിക്കുകയാണ്. തിന്മയുടെ ദുരന്തം അവർക്കുതന്നെ സംഭവിക്കട്ടെ.)

ഒരു ഭാഗത്ത് അവർ എന്നെ അപമാനിക്കാനും നിന്ദിക്കാനും ശ്രമിക്കുന്നു; മറുഭാഗത്ത് അല്ലാഹു വാഗ്ദാനം ചെയ്യുന്നു:

اِنِّیْ مُہِیْنٌ مَّنْ اَرَادَ اِہَانَتَکَ۔ اَللّٰہُ اَجْرُکَ۔
اَللّٰہُ یُعْطِیْکَ جَلَالَکَ

നിന്നെ അപമാനിക്കാൻ ഉദ്ദേശിക്കുന്നവനെ ഞാൻ അപമാനിക്കുന്നതാണ്. അല്ലാഹുവാണ് നിന്റെ പ്രതിഫലം. അല്ലാഹു നിനക്ക് മഹത്വവും പ്രതാപവും നൽകും. അവരുടെ ഭാഗത്ത് മൗലവിമാർ ഒന്നിനുപിറകെ ഒന്നായി ഫത്വകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു: എന്റെ വിശ്വാസങ്ങൾ സ്വീകരിക്കുകയും എന്നെ പിന്തുടരുകയും ചെയ്യുന്ന ഏതൊരാളും കാഫിറായിത്തീരുമെന്ന് അവർ പ്രഖ്യാപിക്കുന്നു.

എന്നാൽ അല്ലാഹു തആല തന്റെ ഭാഗത്തുനിന്ന് വീണ്ടും വീണ്ടും ഊന്നിപ്പറയുന്നു:

قُلْ اِنْ کُنْتُمْ تُحِبُّوْنَ اللّٰہَ فَاتَّبِعُوْنِیْ یُحْبِبْکُمُ اللّٰہُ

പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ, എന്നെ പിന്തുടരുക; അപ്പോൾ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.

(അല്ലാഹു തആല തിരുനബിﷺയോടും ഇതുതന്നെയാണ് അരുളിയത്. തിരുനബി ﷺയെ പിന്തുടർന്നുകൊണ്ട്, അവന്റെ യഥാർത്ഥ ദാസനോടും അല്ലാഹു തആല ഇതുതന്നെ അരുളിയിരിക്കുന്നു. കാരണം, തിരുനബി ﷺയെ ഏറ്റവും ആത്മാർത്ഥമായി സ്നേഹിക്കുന്നവൻ അദ്ദേഹത്തിന്റെ യഥാർത്ഥ ഭക്തനായ ദാസനാണ്. അദ്ദേഹത്തെ സ്വീകരിക്കുന്നത് തിരുനബിﷺയോട് പൂർണ്ണമായ അനുസരണം പുലർത്തുന്നതിന് തുല്യമാണ്; കാരണം, അദ്ദേഹം തിരുനബിﷺയുടെ പൂർണ്ണമായ അനുസരണയുള്ള ദാസനാണ്.)

ചുരുക്കത്തിൽ, ഈ എല്ലാ മൗലവിമാരും അല്ലാഹുവിനോടാണ് പോരാടുന്നത്. ഇനി ആരാണ് വിജയിക്കുന്നതെന്ന് നമുക്ക് കാണാം!

(The Heavenly Sign, പേജ് 62–64)

അല്ലാഹു തആലയുടെ അനുഗ്രഹത്താൽ ജമാഅത്ത് ക്രമേണ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജമാഅത്ത് വളർന്നുകൊണ്ടിരിക്കുന്ന രീതി തന്നെ ഈ ആളുകൾക്കുള്ള മതിയായ മറുപടിയാണ്. അത് കാണാനുള്ള ഉൾക്കാഴ്ചയും ലജ്ജാബോധവും അവർക്ക് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഈ അവസരത്തിൽ നന്ദി പ്രകടിപ്പിക്കാതെ എനിക്ക് കഴിയില്ല. നമ്മുടെ തിരുനബിﷺയുടെ പിന്തുണയ്ക്കായി അല്ലാഹു തആല അവിശ്വാസികളെ തന്റെ വെളിപ്പാടിലൂടെ ഉത്തരവാദികളാക്കിയതുപോലെ തന്നെയാണ് ഇത്. അല്ലാഹു പ്രഖ്യാപിച്ചു: എന്റെ പ്രവാചകന്റെ സ്വഭാവം ഇത്രയും ഉന്നതമായതാണ്; അവന്റെ കഴിഞ്ഞ നാൽപ്പത് വർഷത്തെ

ജീവിതത്തിൽ നിങ്ങൾക്ക് ഒരു ന്യൂനതയോ കുറ്റമോ ചൂണ്ടിക്കാണിക്കാൻ പോലും കഴിയുകയില്ല.

അദ്ദേഹം നാൽപ്പത് വർഷം പകലും രാത്രിയും നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടും, അദ്ദേഹത്തിന്റെ ഉന്നതമായ കുടുംബത്തിൽ–മഹത്വവും പരിശുദ്ധിയും പ്രഭുത്വവും ശ്രേഷ്ഠതയും നിറഞ്ഞ ആ കുടുംബത്തിൽ – ഒരു ചെറിയ ന്യൂനതപോലും കണ്ടെത്താൻ നിങ്ങൾക്ക് കഴിയുന്നില്ല.

അതിനാൽ ചിന്തിച്ചുനോക്കുക: ഇത്രയും ഉന്നതവും പരിശുദ്ധവും മഹത്വപൂർണ്ണവുമായ ഒരു കുടുംബത്തിൽപ്പെട്ട, തന്റെ ജീവിതത്തിലെ നാൽപ്പത് വർഷം നിങ്ങളുടെ കൺമുന്നിൽ ജീവിച്ചുകൊണ്ട്, കെട്ടിച്ചമച്ചതും വ്യാജവും തന്റെ രീതിയല്ലെന്ന് തെളിയിച്ച ഒരാൾ; ഇത്രയും മഹത്തായ ഗുണങ്ങളോടൊപ്പം സ്വർഗീയ അടയാളങ്ങളും പ്രകടിപ്പിക്കുന്ന ഒരാൾ; അല്ലാഹു തആലയുടെ പിന്തുണ വ്യക്തമായി കൂടെയുള്ള ഒരാൾ; നിങ്ങളുടെ സ്വന്തം വിശ്വാസങ്ങൾ അശുദ്ധവും അപരിശുദ്ധവും ശിർക്കിൽ ആഴമായി മുങ്ങിയതുമാണെന്ന് വ്യക്തമാക്കുന്ന ഒരു അധ്യാപനം കൊണ്ടുവന്ന ഒരാൾ–ഇത്രയും കാര്യങ്ങൾക്കുശേഷവും ഈ പ്രവാചകന്റെ സത്യസന്ധതയെക്കുറിച്ച് നിങ്ങളുടെ മനസ്സിൽ എന്ത് സംശയമാണ് അവശേഷിക്കുന്നത്?

ഇസ്‌ലാമിന്റെ എതിരാളികൾക്ക് മറുപടി നൽകുന്ന വിഷയത്തിൽ, തിരുനബിﷺ അല്ലാഹു തആലയിൽ നിന്ന് വന്ന യഥാർത്ഥവും സത്യവുമായ പ്രവാചകനാണെന്നും, ലോകത്തെ അല്ലാഹു തആലയുമായി ബന്ധിപ്പിക്കുന്നതിനുള്ള മാർഗം നൽകിയവനാണെന്നും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് പറയുന്നു:

ഇതുപോലെതന്നെ, അല്ലാഹു തആല എന്റെ എതിരാളികളെയും നിഷേധിക്കുന്നവരെയും ഉത്തരവാദികളാക്കിയിരിക്കുന്നു. കാരണം, ഞാനും തിരുനബിﷺയുടെ യഥാർത്ഥ ദാസനാണ്. എനിക്കും അല്ലാഹു തആല ഇതേ വാഗ്ദാനം തന്നെയാണ് നൽകിയിരിക്കുന്നത്.

തുടർന്ന് അദ്ദേഹം ബറാഹീനെ അഹ്മദിയ്യയെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു: അതിൽ എന്നെക്കുറിച്ചുള്ള ഒരു വെളിപ്പാട് രേഖപ്പെടുത്തിയിട്ടുണ്ട്. അത് പ്രസിദ്ധീകരിച്ചിട്ട് ഇപ്പോൾ ഇരുപത് വർഷം കഴിഞ്ഞിരിക്കുന്നു. ആ വെളിപ്പാട് ഇതാണ്:

فَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ ؕ اَفَلَا تَعْقِلُوْنَ

ഈ എതിരാളികളോട് പറയുക: ഞാൻ നിങ്ങൾക്കിടയിൽ നാൽപ്പത് വർഷം ജീവിച്ചിരിക്കുന്നു. ഈ ദീർഘകാലം നിങ്ങൾ എന്നെ നിരീക്ഷിച്ചിട്ടുമുണ്ട്. എന്റെ പ്രവർത്തനങ്ങളിൽ ഒരിക്കലും കെട്ടിച്ചമച്ചതോ വ്യാജമോ ഉണ്ടായിരുന്നില്ല. അശുദ്ധമായ ഒരു ജീവിതത്തിൽനിന്ന് അല്ലാഹു എന്നെ സംരക്ഷിക്കുകയും ചെയ്തു.

ഇത്രയും ദീർഘകാലം–അതായത് നാൽപ്പത് വർഷം–എല്ലാത്തരം കെട്ടിച്ചമച്ചതിൽനിന്നും കുഴപ്പങ്ങളിൽനിന്നും വഞ്ചനയിൽനിന്നും വിദ്വേഷത്തിൽനിന്നും സംരക്ഷിക്കപ്പെട്ട ഒരാൾ, അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒരാളോടുപോലും ഒരിക്കൽപോലും കള്ളം പറയാത്ത ഒരാൾ, തന്റെ ജീവിതകാലം മുഴുവൻ പിന്തുടർന്ന ശീലത്തിന് വിരുദ്ധമായി ഇപ്പോൾ അല്ലാഹു തആലയെക്കുറിച്ച് ഒരു കള്ളം കെട്ടിച്ചമയ്ക്കുന്നത് എങ്ങനെ സാധ്യമാണ്? (തിരിയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാല്യം 15, പേജ് 282□283)

ഹദ്റത്ത് മസീഹ് മൗഊദ്(അ) യുടെ സ്വഭാവഗുണങ്ങളെക്കുറിച്ച് ഞാൻ മുമ്പുതന്നെ നിരവധി കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. അവയിൽനിന്ന് അദ്ദേഹത്തിന്റെ എതിരാളികൾ പോലും അദ്ദേഹത്തെ പ്രശംസിച്ചിരുന്നുവെന്ന് വ്യക്തമാണ്. അദ്ദേഹം ഒരിക്കലും കള്ളം പറഞ്ഞിട്ടില്ലെന്നും, അത്തരത്തിലുള്ള മോശമായ രീതിയിൽ ഒരിക്കലും പെരുമാറിയിട്ടില്ലെന്നും അവർ തന്നെ പറഞ്ഞിരുന്നു.

അതിനാൽ, അല്ലാഹു തആലയുടെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നടത്തിയ സ്തുതികളാണിവ. അതോടൊപ്പം, തന്റെ സഹായികൾക്കും പിന്തുണക്കുന്നവർക്കുമുള്ള നന്ദിയും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്.

ഇതിനു പുറമെ, കുട്ടികളിൽ നന്ദിയുടെ പ്രാധാന്യം വളർത്തിയെടുക്കാനും അദ്ദേഹം പ്രത്യേകം ശ്രമിച്ചിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ വീട്ടിലെ രീതിയെക്കുറിച്ച് ഒരു നിവേദനത്തിൽ പറയുന്നത്, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിലെ കുട്ടികൾക്ക് ഒരു കഥ പറഞ്ഞു കൊടുക്കുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ കഥ അൽഹകം പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി രേഖപ്പെടുത്തിയിരുന്നു. കഥ ഇപ്രകാരമാണ്:

ഒരിക്കൽ ഒരു കഷണ്ടിക്കാരനും ഒരു അന്ധനും ഉണ്ടായിരുന്നു. അല്ലാഹുവിന്റെ ഒരു മലക്ക് മനുഷ്യരൂപം സ്വീകരിച്ച് കഷണ്ടിക്കാരന്റെ അടുത്തെത്തി ചോദിച്ചു:

നിനക്ക് എന്താണ് ആഗ്രഹം?

കഷണ്ടിക്കാരൻ പറഞ്ഞു: എന്റെ തലയിൽ മുടി വളരട്ടെ. എനിക്ക് സമ്പത്തും ധനവും ലഭിക്കട്ടെ.

അപ്പോൾ മലക്ക് കഷണ്ടിക്കാരന്റെ തലയിൽ കൈവെച്ചു. അല്ലാഹുവിന്റെ ശക്തിയാൽ അവന്റെ തലയിൽ മുടി വളർന്നു. അവന് സമ്പത്തും വേലക്കാരെയും ലഭിച്ചു.

തുടർന്ന് മലക്ക് അന്ധന്റെ അടുത്തെത്തി ചോദിച്ചു: നിനക്ക് എന്താണ് ആഗ്രഹം? അന്ധൻ പറഞ്ഞു:

എന്റെ കണ്ണുകൾക്ക് കാഴ്ച ലഭിക്കട്ടെ. അങ്ങനെ അപ്പത്തിന്റെ കഷണങ്ങൾക്കായി ഭിക്ഷ യാചിച്ചുകൊണ്ട് നടക്കേണ്ടിവരാതിരിക്കട്ടെ. എനിക്ക് പണവും നൽകണമേ; അങ്ങനെ ആരെയും ആശ്രയിക്കേണ്ടിവരാതിരിക്കട്ടെ.

മലക്ക് അവന്റെ കണ്ണുകളിൽ കൈവെച്ചു. അവന് കാഴ്ച ലഭിച്ചു. അവനും സമ്പത്തും ധനവും ലഭിച്ചു.

പിന്നീട് അല്ലാഹു തആലയുടെ കൽപ്പനപ്രകാരം, ആ അന്ധനെയും കഷണ്ടിക്കാരനെയും പരീക്ഷിക്കുന്നതിനായി അതേ മലക്ക് ഒരു ഭിക്ഷക്കാരന്റെ വേഷത്തിൽ വീണ്ടും വന്നു.

ആദ്യം അവൻ കഷണ്ടിക്കാരന്റെ അടുത്തെത്തി സഹായം അഭ്യർത്ഥിച്ചു. എന്നാൽ കഷണ്ടിക്കാരൻ അവനോട് വളരെ പരുഷമായും മോശമായും പെരുമാറി. അയാളെ ശകാരിച്ചുകൊണ്ട് പറഞ്ഞു:

പോകൂ, നിന്നെപ്പോലെ എത്രയോ ഭിക്ഷക്കാർ ഇവിടെ അലഞ്ഞുനടക്കുന്നുണ്ട്!

അപ്പോൾ മലക്ക് അവന്റെ തലയിൽ കൈവെച്ചു. ഉടൻതന്നെ ആ മനുഷ്യൻ വീണ്ടും കഷണ്ടിക്കാരനായി. അവന്റെ സമ്പത്തും ധനവും മുഴുവൻ എടുത്തുകളയപ്പെട്ടു. മുമ്പുണ്ടായിരുന്ന അതേ ദാരിദ്ര്യവും പരിമിതമായ അവസ്ഥയും അവൻ വീണ്ടും അനുഭവിക്കേണ്ടിവന്നു.

തുടർന്ന് അതേ മലക്ക് ഒരു ഭിക്ഷക്കാരന്റെ വേഷത്തിൽ, കാഴ്ച തിരിച്ചുകിട്ടുകയും വളരെയധികം സമ്പന്നനാവുകയും ചെയ്തിരുന്ന ആ അന്ധന്റെ അടുത്തെത്തി സഹായം അഭ്യർത്ഥിച്ചു. അന്ധൻ പറഞ്ഞു:

ഇതെല്ലാം നൽകിയിരിക്കുന്നത് അല്ലാഹു തആല മാത്രമാണ്. ഇത് അവന്റെ സമ്പത്താണ്–നീ എടുത്തുകൊള്ളുക.

ഇത് കേട്ടപ്പോൾ അല്ലാഹു തആല ആ അന്ധന് വീണ്ടും, കൂടുതൽ സമ്പത്തും ധനവും നൽകി.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: അതിനാൽ, എന്റെ പ്രിയപ്പെട്ട കുട്ടികളേ, അല്ലാഹു തആല നിങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരായിരിക്കണമെന്നും, അവയ്ക്ക് വിലകൽപ്പിക്കണമെന്നും, നിങ്ങളോട് എന്തെങ്കിലും ചോദിക്കുന്ന ഒരാളെ ഒരിക്കലും ശകാരിക്കരുതെന്നും നിങ്ങൾ ഓർക്കണം. സദഖ നൽകുന്നത് ഒരു നല്ല കാര്യമാണ്. ചോദിക്കുന്നവന് നൽകണം. അത് അല്ലാഹുവിന് ഇഷ്ടമാണ്; അങ്ങനെ ചെയ്താൽ അവൻ തന്റെ അനുഗ്രഹം കൂടുതൽ വർധിപ്പിക്കുന്നതാണ്. (അൽ ഹകം*, 13 സെപ്റ്റംബർ 1898, വാല്യം 2, നമ്പർ 26–27, പേജ് 11)

ഇത് മൂന്ന് തരത്തിലുള്ള ആളുകളെ പരാമർശിക്കുന്ന ദീർഘമായ ഒരു ഹദീസിൽനിന്ന് എടുത്ത സംഭവമാണ്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കുട്ടികൾക്കായി അത് ചുരുക്കി, വീട്ടിൽ ഒരു കഥയുടെ രൂപത്തിൽ അവരോട് വിവരിക്കുകയായിരുന്നു.

(സഹീഹുൽ ബുഖാരി, കിതാബു അഹാദീസിൽ അൻബിയാഅ്; ഹദീസ്: അബ്രസ്, അഅ്മാ, അഖ്റഅ് ഫീ ബനീ ഇസ്രായീൽ, ഹദീസ് 3464)

റമദാൻ ശീതകാലത്ത് വന്നിരുന്ന ഒരു കാലത്ത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ മനോഹരവും സൂക്ഷ്മവുമായ രീതിയിൽ തന്റെ നന്ദിയുടെ വികാരം പ്രകടിപ്പിച്ചിരുന്നു.

ഇതിനെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു: മൗലവി ഷേർ അലി സാഹിബ്(റ) അദ്ദേഹത്തോട് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതായി വിവരിച്ചു:

റമദാൻ മാസം ശീതകാലത്ത് വരുന്ന ഒരു കാലഘട്ടത്തിലാണ് അല്ലാഹു തആല നമ്മെ ഉയർത്തിയത് എന്നതും അവന്റെ ഒരു അനുഗ്രഹമാണ്. അതിനാൽ നോമ്പ് അനുഷ്ഠിക്കുന്നത് വലിയ ശാരീരിക പ്രയാസമുണ്ടാക്കുന്നില്ല. റമദാനിലും നമുക്ക് നമ്മുടെ ജോലികൾ എളുപ്പത്തിൽ തുടരാൻ കഴിയുന്നു.

മൗലവി സാഹിബ് പറയാറുണ്ടായിരുന്നത്, അക്കാലത്ത് റമദാൻ ഡിസംബർ മാസത്തിലായിരുന്നു എന്നാണ്. അദ്ദേഹം വിനയപൂർവ്വം പറഞ്ഞു: ആ കാലഘട്ടത്തിലെ പഞ്ചാംഗം താൻ പരിശോധിച്ചിട്ടുണ്ട്.

ഇത് എന്റെ സ്വന്തം നിരീക്ഷണമാണെന്ന് പറയപ്പെടുന്നു–ഒരുപക്ഷേ ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ്(റ) തന്നെയായിരിക്കാം അക്കാലത്തെ കലണ്ടർ പരിശോധിച്ചതായി പറയുന്നത്. അതനുസരിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ) 1891ൽ തന്റെ മസീഹ് പദവി പ്രഖ്യാപിച്ചു. 1891ൽ റമദാൻ ഏപ്രിൽ 11നാണ് ആരംഭിച്ചത്. അതായത്, റമദാൻ ശീതകാലത്തേക്ക് പ്രവേശിക്കുന്നതിന്റെ ഒരു തുടക്കമായിരുന്നു അത്.

തുടർന്ന്:

1892ൽ റമദാൻ മാർച്ച് 31ന് ആരംഭിച്ചു. 1893ൽ മാർച്ച് 20ന് ആരംഭിച്ചു.

അതിനു ശേഷം ഓരോ വർഷവും റമദാൻ ക്രമേണ കൂടുതൽ ശീതകാല ദിവസങ്ങളിലായി വരാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ) 1908ൽ വഫാത്തായപ്പോൾ, ആ വർഷത്തെ റമദാൻ ഒക്ടോബർ 1നാണ് ആരംഭിച്ചത്.

അങ്ങനെ നോക്കുമ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ദൗത്യകാലം മുഴുവനും റമദാനിലെ നോമ്പുകൾ ശീതകാലത്തോട് ചേർന്നുവരുന്ന സാഹചര്യത്തിലൂടെയാണ് കടന്നുപോയത്. അല്ലാഹു തആലയുടെ പൊതുവായ വിധിപ്രകാരം ഉണ്ടായ ഈ സാഹചര്യം, സൂക്ഷ്മദർശിയായ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ഒരു അനുഗ്രഹമായി തിരിച്ചറിഞ്ഞു. അത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ നന്ദിയുടെ വികാരങ്ങൾ ഉണർത്തുകയും ചെയ്തു.(സീറത്തുൽ മഹ്ദി , വാല്യം 1, ഭാഗം 2, നിവേദനം 419, പേജ് 372–373)

മനുഷ്യരാശിക്ക് മറ്റൊരാളുടെ പ്രവർത്തനത്തിലൂടെ പ്രയോജനം ലഭിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ് (അ) നന്ദി പ്രകടിപ്പിക്കാറുണ്ടായിരുന്നു.

മനുഷ്യരുടെ ക്ഷേമവുമായി ബന്ധപ്പെട്ട സൽപ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, ഹദ്റത്ത് ഹകീം മൗ

ലാനാ നൂറുദ്ദീൻ സാഹിബ്(റ) യുടെ സന്ദർഭത്തിൽ അദ്ദേഹം ചികിത്സാരംഗത്തെ സേവനത്തെ പരാമർശിച്ചു.

രോഗികളെ ചികിത്സിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നത് മനുഷ്യരാശിക്ക് വലിയ പ്രയോജനം നൽകുന്ന കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെ വളരെ വലിയ ആദരവോടെയും വിലമതിപ്പോടെയും കണ്ടിരുന്നു.

ഒരിക്കൽ വീട്ടിൽ ഹദ്റത്ത് മൗലവി സാഹിബ്(റ)യെക്കുറിച്ച് പരാമർശമുണ്ടായപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏറെ നേരം: അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്! എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു.

തുടർന്ന് അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഹകീം മൗലവി നൂറുദ്ദീൻ സാഹിബ് അല്ലാഹു തആലയുടെ അനുഗ്രഹങ്ങളിൽപ്പെട്ട ഒരാളാണ്. അദ്ദേഹത്തിലൂടെ അനേകം ദരിദ്രർക്ക് ചികിത്സ ലഭിക്കുന്നു.

ചികിത്സ ലഭിച്ചുകൊണ്ടിരുന്നത് മറ്റുള്ളവർക്കായിരുന്നു. എന്നാൽ മനുഷ്യരാശിക്ക് ഒരു സേവനം നിർവഹിക്കപ്പെടുന്നതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെയാണ് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിച്ചത്. മനുഷ്യർ അതിൽനിന്ന് പ്രയോജനം നേടുന്നു എന്ന കാര്യത്തിലും അദ്ദേഹം നന്ദി പ്രകടിപ്പിച്ചു. (ജൽസാ സലാന പ്രസംഗം, 27 ഡിസംബർ 1922, അൻവാറുൽ ഉലൂം, വാല്യം 7, പേജ് 35)

മനുഷ്യരാശിയോടുള്ള അദ്ദേഹത്തിന്റെ കരുണയും ഇതിലൂടെ പ്രകടമാകുന്നു. ജനങ്ങളുടെ കഷ്ടപ്പാടുകൾ അകറ്റുന്ന വ്യക്തിയോടുപോലും അദ്ദേഹം നന്ദി പ്രകടിപ്പിക്കുകയും, അവരുടെ ദുരിതങ്ങൾ നീക്കുന്നതിനുള്ള മാർഗങ്ങൾ ഒരുക്കിക്കൊടുത്ത അല്ലാഹു തആലയോട് നന്ദി പറയുകയും ചെയ്യുമായിരുന്നു.

ഇൻഷാ അല്ലാഹ്, ഈ വിഷയവുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ ഭാവിയിൽ ഞാൻ വിശദീകരിക്കുന്നതാണ്.

ഇപ്പോൾ നമ്മുടെ അന്തരിച്ച ചില അംഗങ്ങളെക്കുറിച്ച് പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥനയ്ക്കുശേഷം അവരുടെ ജനാസ ഗായിബ് നമസ്കാരവും ഞാൻ നിർവഹിക്കുന്നതാണ്.

ആദ്യമായി പരാമർശിക്കുന്നത് കോറ്റ് ദിവ്വാറിൽ ജമാഅത്തിന്റെ മിഷനറിയായി സേവനമനുഷ്ഠിച്ചിരുന്ന ഹാഫിസ് ഷഹ്ബാസ് അഹ്മദ് സാഹിബിനെയാണ് . ജൂലൈ 18ന് ഹൃദയാഘാതത്തെ തുടർന്ന് 31ാം വയസ്സിൽ അദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ തീർച്ചയായും നാം അല്ലാഹുവിന്റേതാണ്; അവങ്കലേക്കു തന്നെയാണ് നാം മടങ്ങേണ്ടത്.

അല്ലാഹു തആലയുടെ അനുഗ്രഹത്താൽ അദ്ദേഹം ഒരു മൂസി ആയിരുന്നു. ഭാര്യയും ഒരു മകളും ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെയാണ് അദ്ദേഹം പിന്നിലാക്കിയത്.

2008ൽ അദ്ദേഹം പരിശുദ്ധ ഖുർആൻ മനഃപാഠമാക്കി. 2019ൽ ജാമിഅയിൽനിന്ന് ബിരുദം നേടിയശേഷം, NUML സർവകലാശാലയിൽനിന്ന് ഫ്രഞ്ച് ഭാഷയിൽ ഒരു വർഷത്തെ ഡിപ്ലോമയും തുടർന്ന് ഫ്രഞ്ച് ഭാഷയിൽ മാസ്റ്റർ ബിരുദവും നേടി. അതിനുശേഷം അദ്ദേഹത്തെ കോറ്റ് ദിവ്വാറിലേക്ക് നിയമിച്ചു.

അന്തരിച്ച ഹാഫിസ് സാഹിബ് വളരെ സൗഹൃദപരവും ആതിഥ്യമര്യാദയുള്ളവനും സന്തോഷപ്രകൃതിയുള്ളവനുമായിരുന്നു. ഖിലാഫത്തിനോട് അഗാധമായ സ്നേഹവും വിശ്വസ്തതയും പുലർത്തിയിരുന്ന അദ്ദേഹം ജമാഅത്തിന്റെ ആത്മാർത്ഥനായ ഒരു സേവകനുമായിരുന്നു. തന്റെ ജീവിതസമർപ്പണത്തിന്റെ ഉത്തരവാദിത്വങ്ങൾ അദ്ദേഹം വളരെ മികച്ച രീതിയിൽ നിർവഹിച്ചു.

കുറച്ചുകാലമായി അദ്ദേഹം ഓൺലൈനിലൂടെ ഉർദുവിലും പേർഷ്യനിലും ശരിയായ ഉച്ചാരണത്തോടും തജ്വീദിന്റെ നിയമങ്ങളോടും കൂടി പരിശുദ്ധ ഖുർആൻ പഠിപ്പിച്ചുകൊണ്ടിരുന്നു.

അദ്ദേഹത്തെക്കുറിച്ച് എഴുതിയവർ പറയുന്നു: അന്തരിച്ച ഹാഫിസ് സാഹിബിന്റെ ഏറ്റവും ശ്രദ്ധേയമായ ഗുണം ആത്മാഭിമാനവും ക്ഷമയും ആയിരുന്നു. അദ്ദേഹം ഒരിക്കലും മറ്റാർക്കും ഭാരമായിരുന്നില്ല. തബ് ലീഗിൽ അദ്ദേഹത്തിന് വലിയ ആവേശമുണ്ടായിരുന്നു. ചിലപ്പോൾ സ്വന്തം വീട്ടിൽപോലും തബ്ലീഗി യോഗങ്ങൾ സംഘടിപ്പിക്കുമായിരുന്നു.

പ്രമുഖ വ്യക്തികളുമായും നഗരഭരണകൂടവുമായും അദ്ദേഹം വളരെ നല്ല ബന്ധം നിലനിർത്തിയിരുന്നു. ജമാഅത്ത് അംഗങ്ങളെ പരിശീലിപ്പിക്കുന്നതിനായി അദ്ദേഹം നിരന്തരം വിവിധ മാർഗങ്ങൾ അന്വേഷിച്ചു. ആഫ്രിക്കൻ ജനങ്ങളുമായുള്ള ബന്ധത്തിൽ ഒരിക്കലും അകലം വരാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല.

തന്റെ പ്രദേശത്ത് ജമാഅത്തിനു വേണ്ടിയുള്ള നിർമാണ പ്രവർത്തനങ്ങളും അദ്ദേഹം വലിയ ആത്മാർഥതയോടും കഠിനാധ്വാനത്തോടും കൂടി നിർവഹിച്ചു. നിരവധി നല്ല പ്രവർത്തനങ്ങൾ ചെയ്തു. വിവിധ സ്ഥലങ്ങളിൽ പള്ളികളുടെ നിർമാണത്തിനും അദ്ദേഹം നേതൃത്വം നൽകി.

അദ്ദേഹത്തിന്റെ ഭാര്യ സബീഹ സാഹിബ പറയുന്നു: അദ്ദേഹം നല്ലവനും സദ്വൃത്തനും വളരെ ഉത്തരവാദിത്വമുള്ള മിഷനറിയും ഭർത്താവും പിതാവുമായിരുന്നു. അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്ന ഒരു കാര്യം:

അല്ലാഹു തആല ജമാഅത്തിനു വേണ്ടി വലിയ സേവനങ്ങൾ ചെയ്യാൻ എന്നെ പ്രാപ്തനാക്കുന്നതിനായി എനിക്കുവേണ്ടി പ്രാർത്ഥിക്കുക.

ജമാഅത്തിനുവേണ്ടി ശ്രദ്ധേയമായ എന്തെങ്കിലും ചെയ്യണമെന്ന വലിയ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ജമാഅത്തിന്റെ ഫണ്ടുകളെ അദ്ദേഹം വളരെ വലിയ ആദരവോടെയാണ് കണ്ടിരുന്നത്.

അദ്ദേഹം അതിയായ ക്ഷമയും സഹനശക്തിയും ഉള്ള വ്യക്തിയായിരുന്നു. എന്തുതരത്തിലുള്ള പ്രയാസമോ ദുഃഖമോ നേരിട്ടാലും അതിന്റെ സ്വാധീനം മറ്റുള്ളവരുടെ മുമ്പിൽ പ്രകടമാക്കാറില്ലായിരുന്നു. അദ്ദേഹത്തിൽ കോപത്തിന്റെ ചെറിയൊരു അടയാളം പോലും ഉണ്ടായിരുന്നില്ല. എപ്പോഴും പുഞ്ചിരിയോടെയും സന്തോഷത്തോടെയുമായിരുന്നു. സ്നേഹപൂർവ്വം സംസാരിക്കുകയും കാര്യങ്ങൾ സ്നേഹത്തോടെ വിശദീകരിക്കുകയും ചെയ്തു.

മിഷനറിയായ നൗമാൻ ഖദീർ സാഹിബ് പറയുന്നു: ഹാഫിസ് സാഹിബ് നല്ല വിവേചനബുദ്ധിയുള്ള വ്യക്തിയായിരുന്നു. ജമാഅത്തിന്റെ ഏതെങ്കിലും വിഷയത്തിൽ അദ്ദേഹത്തോട് ആലോചന തേടുമ്പോൾ, അതിശയകരമായ ബുദ്ധിപൂർവം അദ്ദേഹം ഉപദേശം നൽകുമായിരുന്നു. ബുദ്ധിമുട്ടുള്ളതായി തോന്നിയിരുന്ന ഒരു വിഷയം പോലും അദ്ദേഹത്തിന്റെ ഉപദേശത്തിലൂടെ എളുപ്പത്തിൽ പരിഹരിക്കപ്പെടുമായിരുന്നു. ചെറുപ്പത്തിൽ തന്നെ അല്ലാഹു തആല അദ്ദേഹത്തിന് വലിയ കഴിവുകൾ നൽകിയിരുന്നു.

മിഷനറിയായ ഇഅ്തിസാമുൽ ഹഖ് സാഹിബ് എഴുതുന്നു: മിഷനറിമാരുമായുള്ള ബന്ധത്തിനു പുറമെ, പ്രാദേശിക മിഷനറിമാരുമായും അയൽക്കാരുമായും ജമാഅത്ത് അംഗങ്ങളുമായും അദ്ദേഹത്തിന് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. പലരും കൂടിക്കാഴ്ചകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. മറ്റുള്ളവർ പ്രയാസത്തിലാകുമ്പോൾ അദ്ദേഹം നിശ്ശബ്ദമായി അവരെ സഹായിക്കുമായിരുന്നു.

റഫയ് തബസ്സും സാഹിബ് പറയുന്നു: ജമാഅത്തിന്റെ ഓരോ ഉത്തരവാദിത്വവും അദ്ദേഹം സ്വന്തം ഉത്തരവാദിത്വമായി കണക്കാക്കിയിരുന്നു. ഏതെങ്കിലും ചുമതല ഏൽപ്പിക്കപ്പെട്ടാൽ, അത് വെറും ഒരു കടമയായി നിർവഹിക്കുകയല്ല, മറിച്ച് ഇബാദത്തായി കണക്കാക്കി നിർവഹിക്കുമായിരുന്നു.

സമയനിഷ്ഠ, ആസൂത്രണം, ഉത്തരവാദിത്വബോധം, ആത്മാർത്ഥത എന്നിവ അദ്ദേഹത്തിന്റെ സ്വഭാവത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളായിരുന്നു.

ജമാഅത്ത് അംഗങ്ങളെ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനായി പുതിയ മാർഗങ്ങൾ കണ്ടെത്തുന്നതിലും അദ്ദേഹം എപ്പോഴും ചിന്തിച്ചുകൊണ്ടിരുന്നു. യുവാക്കൾ, കുട്ടികൾ, മുതിർന്നവർ എന്നിവരുടെ ധാർമികവും ആത്മീയവുമായ പരിശീലനത്തെക്കുറിച്ച് ഒരുപോലെ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഒരു മിഷനറിയിൽ ഉണ്ടായിരിക്കേണ്ട വളരെ പ്രധാനപ്പെട്ടതും അനിവാര്യവുമായ ഗുണമാണിത്.

അന്തരിച്ച ഹാഫിസ് സാഹിബിന്റെ മറ്റൊരു മികച്ച ഗുണം അദ്ദേഹത്തിന്റെ അഗാധമായ ആത്മാർത്ഥതയായിരുന്നു. സ്വാർത്ഥതയില്ലാതെ അദ്ദേഹം സേവനം ചെയ്തു; തന്റെ സേവനം ഒരിക്കലും പ്രദർശിപ്പിച്ചില്ല. പ്രശസ്തി തേടുന്ന വ്യക്തിയായിരുന്നില്ല അദ്ദേഹം; മറിച്ച് അല്ലാഹു തആലയുടെ പ്രീതി മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

എവിടെയായിരുന്നാലും അദ്ദേഹത്തെ നിയമിച്ചിരുന്നത്, അവിടെ വിശ്വാസത്തിന്റെ സേവനത്തിൽ അദ്ദേഹം മുഴുകിയിരുന്നു. കുട്ടികളെ ശരിയായ ഉച്ചാരണത്തോടെ പരിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ അദ്ദേഹം വളരെ സ്നേഹത്തോടെ പഠിപ്പിക്കുമായിരുന്നു. അനേകം കുട്ടികൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു; അവർ അദ്ദേഹത്തെ സ്നേഹപൂർവ്വം ഓർക്കുന്നു.

അടുത്തതായി പരാമർശിക്കുന്നത് ബുർക്കിന ഫാസോ സ്വദേശിയായ യരിംഗാന മൊമിനി സാഹിബിനെയാണ്. തന്റെ പ്രദേശത്തെ മജ്ലിസ് അൻസാറുല്ലാഹിന്റെ സഈംആയി അദ്ദേഹം സേവനമനുഷ്ഠിച്ചുവരികയായിരുന്നു.

ജൂലൈ മാസത്തിൽ വയലിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ തീവ്രവാദികൾ അദ്ദേഹത്തിനുനേരെ വെടിയുതിർക്കുകയും അദ്ദേഹം ശഹീദാകുകയും ചെയ്തു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ


• ഹദീഥുന്നബ്വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

1989ൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. മിഷനറിയായ വുദ്രദ് സാഹിബ് എഴുതുന്നു: അന്തരിച്ച ശഹീദ് അത്യന്തം ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും അദ്ദേഹത്തിന് അഗാധമായ സ്നേഹമുണ്ടായിരുന്നു. പരിശുദ്ധ ഖുർആനോട് അദ്ദേഹത്തിന് അതിയായ സ്നേഹവും പള്ളിയോട് ശക്തമായ ബന്ധവും ഇബാദത്തിനോടും ഖിലാഫത്തിന്റെ അനുസരണയോടും ജമാഅത്തിന്റെ സേവനത്തോടും പ്രത്യേകമായ ആവേശവും ഉണ്ടായിരുന്നു.

അതുപോലെ, പ്രാദേശിക മിഷനറിയായ അബ്ദുല്ലാഹ് ജംഗാനി സാഹിബ് പറയുന്നു: അദ്ദേഹം വളരെ ധീരനും നിർഭയനും ആത്മാർത്ഥനും സദ്‌വൃത്തനും ഇബാദത്തിൽ നിഷ്ഠയുള്ളവനും നല്ല സ്വഭാവമുള്ളവനും സൗഹൃദപരനും സംസാരത്തിൽ മിതത്വം പാലിക്കുന്നവനും മികച്ച പ്രവർത്തകനുമായിരുന്നു. ഖിലാഫത്തിനോട് അദ്ദേഹം സ്നേഹവും അനുസരണയും പുലർത്തിയിരുന്നു.

അദ്ദേഹം പലപ്പോഴും പള്ളിയിൽ ആദ്യം എത്തുന്നവരിൽ ഒരാളായിരുന്നു. അവിടെ ഇരുന്ന് പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഫജ്റിന്റെ സമയത്ത് തന്റെ വീടിന്റെ സമീപത്തുകൂടി പോകുമ്പോൾ, വീട്ടിനുള്ളിൽനിന്ന് ഖുർആൻ പാരായണത്തിന്റെ ശബ്ദം കേൾക്കാറുണ്ടായിരുന്നുവെന്ന് പ്രാദേശിക മിഷനറി പറയുന്നു.

ആ പ്രദേശത്തിന്റെ റീജിയണൽ പ്രസിഡന്റായ അബ്ദുർ റഹ്മാൻ സാഹിബ് പറയുന്നു: ജമാഅത്തിന്റെ ഏതെങ്കിലും പ്രവർത്തനത്തിനായി അദ്ദേഹത്തെ വിളിക്കുമ്പോൾ, പ്രായം കൂടുതലായിരുന്നിട്ടും അദ്ദേഹം സ്വയം എത്തുമായിരുന്നു. വഖാറെ അമൽ നടത്തേണ്ട അവസരങ്ങളിൽ തന്റെ കുട്ടികളെയും കൂടെ കൊണ്ടുവരുമായിരുന്നു. എല്ലാ ജൽസകളിലും ഇജ്തിമാകളിലും പങ്കെടുക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അസുഖമുള്ളപ്പോഴും ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കുമായിരുന്നു.

അമീൻ ബാലോച് സാഹിബ് പറയുന്നു: താനും ആ പ്രദേശത്താണ് താമസിച്ചിരുന്നത്. ജമാഅത്തിന്റെ സാമ്പത്തിക സംഭാവനകൾ വളരെ കൃത്യമായി നൽകുന്ന വ്യക്തിയായാണ് അദ്ദേഹത്തെ അറിയാമായിരുന്നത്.

അതുപോലെ, ആദരണീയനായ പ്രാദേശിക മിഷനറി ബൽബോ സാഹിബ് പറയുന്നു: തന്റെ ശഹാദത്തിന് ഒരു ദിവസം മുമ്പുപോലും അദ്ദേഹം സാമ്പത്തിക സംഭാവനകളെക്കുറിച്ച് ബന്ധപ്പെടുകയും അവയുടെ പേയ്മെന്റിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ജമാഅത്തിന്റെ സേവനത്തിനുള്ള ആവേശം അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു. അദ്ദേഹത്തെക്കുറിച്ച് എഴുതിയ എല്ലാവരും പരാമർശിച്ചിട്ടുള്ള പ്രധാന ഗുണങ്ങളും ഇതുതന്നെയാണ്.

അദ്ദേഹം രണ്ട് ഭാര്യമാരെയും പതിമൂന്ന് ആൺമക്കളെയും പെൺമക്കളെയും പിന്നിലാക്കി. അല്ലാഹു തആല അദ്ദേഹത്തോട് പാപമോചനവും കാരുണ്യവും കാണിക്കുമാറാകട്ടെ.

മൂന്നാമതായി പരാമർശിക്കുന്നത് മാലി സ്വദേശിയായ ജ. യഹ്യാ സുമാരെ സാഹിബിനെയാണ്. അടുത്തിടെ 32ാം വയസ്സിൽ അദ്ദേഹം വഫാത്തായി. اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ അദ്ദേഹവും ഒരു ശഹീദാണ്.

തീവ്രവാദം മൂലം കുറച്ചുകാലമായി മാലിയിലെ സ്ഥിതിഗതികൾ പ്രയാസകരമാണ്. യഹ്യാ സുമാരെ സാഹിബ് സൈന്യത്തിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ഗാവോ പ്രദേശത്തെ അനേഫിസ് (Anéfis) ഗ്രാമത്തിൽ സൈനിക ചുമതലയിൽ അദ്ദേഹത്തെ നിയമിച്ചിരുന്നു.

ജൂലൈ 4ന് കാലാവസ്ഥ മോശമായിരുന്നുവെന്നും ശക്തമായ കാറ്റ് വീശിയിരുന്നുവെന്നും പറയപ്പെടുന്നു. ആ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന സൈനികരുടെ സ്ഥിതിവിവരം പരിശോധിക്കാൻ താൻ പോകാമെന്ന് അദ്ദേഹം തന്റെ കമാൻഡിംഗ് ഓഫീസറോട് പറഞ്ഞു.

തീവ്രവാദികൾക്കെതിരെ പട്രോളിംഗ് നടത്തിക്കൊണ്ടിരുന്ന സൈനിക വിഭാഗങ്ങളെ പരിശോധിക്കാൻ അദ്ദേഹം പുറത്തുപോയപ്പോൾ, തീവ്രവാദികൾ ആക്രമണം നടത്തി. ഈ ആക്രമണത്തിനിടെയാണ് യഹ്യാ സാഹിബ് ശഹീദായത്.

അദ്ദേഹത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ളത് പ്രകാരം, **മാലിയുടെ സ്വാതന്ത്ര്യദിനമായ സെപ്റ്റംബർ 22ന്** അദ്ദേഹത്തിന് സ്ഥാനക്കയറ്റം നൽകാൻ സൈന്യം തീരുമാനിച്ചിരുന്നു. കൂടാതെ അദ്ദേഹത്തിന് ഒരു **മെഡൽ ഓഫ് ഓണറും** നൽകാനിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നിയമനം ഒരു വലിയ നഗരത്തിലേക്ക് മാറ്റാനും തീരുമാനിച്ചിരുന്നു. എന്നാൽ ഇതെല്ലാം നടപ്പിലാകുന്നതിന് മുമ്പുതന്നെ അദ്ദേഹം ശഹാദത്തിന്റെ പദവി പ്രാപിച്ചു.

അദ്ദേഹത്തിന്റെ സഹോദരനായ ഫോഡി സുമാരെ പറയുന്നു: 2022ലെ ജൽസാ സലാനയിൽ യഹ്യാസുമാരെ പങ്കെടുത്തു. ജൽസയ്ക്കിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ചിത്രം കണ്ടയുടൻ അദ്ദേഹം വികാരാധീനനായി. അതോടൊപ്പം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അതിശയകരമായ സമാധാനവും ശാന്തിയും അനുഭവപ്പെട്ടു.

ജൽസയ്ക്കിടെ വിവിധ പ്രസംഗങ്ങൾ കേൾക്കുകയും ജമാഅത്തിന്റെ സാഹിത്യങ്ങൾ പഠിക്കുകയും ചെയ്തു. പ്രത്യേകിച്ച് പ്രാദേശിക ഭാഷയിലുള്ള The Philosophy of the Teachings of Islam എന്ന ഗ്രന്ഥത്തിന്റെ പരിഭാഷ പഠിച്ചതോടെ അദ്ദേഹത്തിന്റെ വിശ്വാസവും ബോധ്യവും കൂടുതൽ ശക്തമായി.

ജിഹാദിനെക്കുറിച്ചുള്ള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുക്തിസഹവും ഇസ്‌ലാമികവുമായ നിലപാട് അദ്ദേഹത്തിന്റെ ഹൃദയത്തിൽ പ്രത്യേകമായ ആഴത്തിലുള്ള സ്വാധീനം ചെലുത്തി. അങ്ങനെ, ആ അനുഗ്രഹീതമായ ജൽസാ സലാനയുടെ അവസരത്തിൽ അദ്ദേഹം **ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:

അദ്ദേഹം ഒരു മാതൃകാപരനായ ഭർത്താവായിരുന്നു. തന്റെ കുട്ടിയോട് വളരെ സ്നേഹമുള്ള പിതാവുമായിരുന്നു. കുടുംബത്തിന്റെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും നിറവേറ്റുകയും ചെയ്തു. ഓരോ പ്രയാസകരമായ സാഹചര്യത്തിലും അവർക്കു ശക്തമായ പിന്തുണയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ മാതാപിതാക്കൾ പറയുന്നു: അവരുമായി അദ്ദേഹത്തിന് വളരെ ആഴത്തിലുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും ബന്ധമുണ്ടായിരുന്നു. അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുന്നതിനായി അദ്ദേഹം പതിവായി ഫോൺ ചെയ്യുമായിരുന്നു. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും അവർ നേരിടുന്ന ഓരോ പ്രയാസവും പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തു.

അദ്ദേഹം മാതാപിതാക്കളെ വളരെ അനുസരിക്കുന്ന മകനായിരുന്നു.

മാലിയിലെ മിഷനറി ഇൻചാർജ് എഴുതുന്നു: അദ്ദേഹം സന്തോഷവാനും പ്രസന്നവുമായ ഒരു യുവാവായിരുന്നു. നോമ്പ് അനുഷ്ഠിക്കുന്നതിലും നമസ്കാരങ്ങൾ നിർവഹിക്കുന്നതിലും അദ്ദേഹം കൃത്യനിഷ്ഠ പുലർത്തിയിരുന്നു. ആവശ്യക്കാരോട് കരുണയും പരിഗണനയും കാണിച്ചിരുന്നു. സ്വന്തം ജനതയ്ക്കും മറ്റുള്ളവർക്കും ഒരുപോലെ ഉത്തമ മാതൃകയായിരുന്നു. കുടുംബബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു. നീതിമാനും ആത്മാർത്ഥതയുള്ളവനുമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ച് അധികകാലമായിരുന്നില്ലെങ്കിലും, അന്തരിച്ച വ്യക്തിക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനോടും ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടും ഖുലഫാക്കളോടും അസാധാരണമായ ഭക്തിയും ആഴത്തിലുള്ള അടുപ്പവും ആദരവും യഥാർത്ഥ സ്നേഹവും ഉണ്ടായിരുന്നു.

അദ്ദേഹത്തിന്റെ പിതാവ് അഹ്മദിയ്യായിരുന്നില്ല. എന്നാൽ മകന്റെ ശഹാദത്തിനുശേഷം, ജമാഅത്ത് അദ്ദേഹത്തോട് കാണിച്ച സ്നേഹവും സഹാനുഭൂതിയും, എല്ലാ കാര്യങ്ങളും ജമാഅത്ത് കൈകാര്യം ചെയ്ത രീതിയും കണ്ടപ്പോൾ അദ്ദേഹം ആഴത്തിൽ സ്വാധീനിക്കപ്പെട്ടു. അദ്ദേഹം നേരത്തെ തന്നെ മതത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ അഹ്മദിയ്യത്തിന്റെ സത്യം തനിക്ക് വ്യക്തമായതായി അദ്ദേഹം പറഞ്ഞു. അതിനാൽ അഹ്മദിയ്യത്തിന്റെ പുണ്യവലയത്തിൽ പ്രവേശിക്കാൻ അദ്ദേഹം തീരുമാനിച്ചു.

അടുത്തതായി പരാമർശിക്കാനുള്ളത് ജ. സിറാജുൽ ഹഖ് ഖുറൈശി സാഹിബിനെക്കുറിച്ചാണ്. അദ്ദേഹം റബ്വയിലെ ജൽസാ സലാനയുടെ നായിബ് അഫ്സർ ആയി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. അദ്ദേഹവും അടുത്തിടെ 86ാം വയസ്സിൽ അന്തരിച്ചു. اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഒരു മൂസി ആയിരുന്നു. അദ്ദേഹത്തിന്റെ പിതാമഹനായ ഹദ്റത്ത് മിയാൻ ഖുത്ബുദ്ദീൻ സാഹിബിലൂടെ അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രത്യക്ഷപ്പെട്ടതായി അദ്ദേഹം ഒരു സ്വപ്നം കണ്ടിരുന്നു. അതനുസരിച്ച് അദ്ദേഹം ഖാദിയാനിലെത്തി ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ കൈയിൽ ബൈഅത്ത് ചെയ്തു. അദ്ദേഹത്തിന്റെ പിതാമഹിയും ഒരു സഹാബിയ ആയിരുന്നു.

അല്ലാഹു തആലാ അദ്ദേഹത്തിന്റെ പിതാമഹന് ഖുറൈശി ഫസ്‌ലെ ഹഖ് സാഹിബ്, ഖുറൈശി അബ്ദുൽ ഗനി സാഹിബ് എന്നീ രണ്ട് പുത്രന്മാരെ അനുഗ്രഹിച്ചു. ഇരുവരും മതസേവനത്തിൽ അതീവ സമർപ്പിതരായിരുന്നു. വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നിട്ടും, മതസേവനത്തിനായി എല്ലായ്പ്പോഴും സന്നദ്ധരായിരുന്നു. റബ്വയുടെ വികസനത്തിലും അവിടെ ജനവാസം സ്ഥാപിക്കുന്നതിലും അവർ പ്രധാന പങ്കുവഹിച്ചു. പ്രത്യേകിച്ച് വെള്ളത്തിനായുള്ള അന്വേഷണം ആരംഭിച്ച സമയത്ത്, ഹാൻഡ് പമ്പുകളും അതുപോലുള്ള മറ്റു സംവിധാനങ്ങളും സ്ഥാപിക്കുന്നതിനുള്ള ചുമതല അവർക്കായിരുന്നു.

സിറാജുൽ ഹഖ് ഖുറൈശി സാഹിബിന്റെ മാതാമഹനായ മൗലവി മുഹമ്മദ് ഉസ്മാൻ സാഹിബും ഒരു സഹാബിയായിരുന്നു. അടുത്തകാലത്ത് സിറാജുൽ ഹഖ് സാഹിബ് നായിബ് നാസിർ, നായിബ് അഫ്സർ ജൽസാ സലാന എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ്–ഏകദേശം 15 അല്ലെങ്കിൽ 20 വർഷം മുമ്പ്–അദ്ദേഹം ജമാഅത്തിന്റെ സ്ഥിരമായ സേവനത്തിലേക്ക് പ്രവേശിച്ചു. അതിനു മുമ്പ് വിദ്യാഭ്യാസവകുപ്പിൽ സേവനമനുഷ്ഠിക്കുകയും വിവിധ കോളേജുകളിൽ അധ്യാപകനായി ജോലി ചെയ്യുകയും ചെയ്തു. റബ്വയിലെ ടി.ഐ. കോളേജിലും അദ്ദേഹം അധ്യാപകനായിരുന്നു.

സയ്യിദ് ഖാസിം അഹ്മദ് സാഹിബ് പറയുന്നു: സിറാജുൽ ഹഖ് ഖുറൈശി സാഹിബിന്റെ വിയോഗത്തോടെ, ജൽസാ സലാന ഓഫീസിലെ എല്ലാ പ്രവർത്തകർക്കും, തങ്ങളോട് അഗാധമായ സഹാനുഭൂതിയും കരുണയും പുലർത്തിയിരുന്ന ഒരു സഹപ്രവർത്തകനെയും മുതിർന്ന വ്യക്തിയെയും തങ്ങളിൽനിന്ന് വേർപെടുത്തിയതുപോലെയാണ് അനുഭവപ്പെടുന്നത്. അദ്ദേഹത്തിന് ഏൽപ്പിക്കപ്പെട്ടിരുന്ന ഏതു ചുമതലയും അദ്ദേഹം വളരെ ഉത്തരവാദിത്തബോധത്തോടെ നിർവഹിക്കുമായിരുന്നു.

അദ്ദേഹത്തിന് രണ്ട് പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകനായ ഖമറുൽ ഹഖ് ഖുറൈശി സാഹിബ് ജമാഅത്തിന്റെ

മിഷനറിയാണ്. അദ്ദേഹം ചരിത്രവകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്നു.

അല്ലാഹു തആലാ അദ്ദേഹത്തിന് മഗ്ഫിറത്തും കരുണയും നൽകുമാറാകട്ടെ.

അടുത്തതായി പരാമർശിക്കാനുള്ളത് നൈജീരിയയിലെ ജമാഅത്തിന്റെ പ്രാദേശിക മിഷനറിയായിരുന്ന ബഹുമാനപ്പെട്ട ലവൽ ത്വയ്യിബ് സാഹിബിനെക്കുറിച്ചാണ്. അദ്ദേഹവും അടുത്തിടെ 30ാം വയസ്സിൽ അന്തരിച്ചു.

اِنَّا لِلّٰهِ وَاِنَّاۤ اِلَيۡهِ رٰجِعُوۡنَ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഒരു മൂസി ആയിരുന്നു. ജൽസാ സലാനയുടെ ദിവസങ്ങളിൽ ലൈവ് സംപ്രേഷണത്തിനുള്ള തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കെ, പള്ളിയിലെ സാറ്റലൈറ്റ് ഡിഷ് നന്നാക്കുന്നതിനിടെ അദ്ദേഹം ഒരു ഏണിയിൽനിന്ന് വീണ് ഗുരുതരമായി പരിക്കേറ്റു. ചികിത്സ നൽകിയെങ്കിലും അദ്ദേഹത്തിന് ജീവൻ രക്ഷിക്കാനായില്ല. നട്ടെല്ലിന് അതീവ ഗുരുതരമായ പരിക്കാണ് അദ്ദേഹത്തിന് സംഭവിച്ചിരുന്നത്. അദ്ദേഹത്തിന്റെ മാതാപിതാക്കളും ഭാര്യയും ഏകദേശം പതിനൊന്ന് മാസം പ്രായമുള്ള ഒരു മകളും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരിക്കുന്നു.

2018ൽ നൈജീരിയയിലെ ജാമിഅത്തുൽ മുബശ്ശിറീനിൽ നിന്ന് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി, തുടർന്ന് പ്രാദേശിക മിഷനറിയായി നിയമിതനായി. വളരെ വിനയശീലനും സജീവനും ആത്മാർത്ഥതയുള്ളവനുമായ ഒരു പ്രാദേശിക മിഷനറിയായിരുന്നു അദ്ദേഹം. ജമാഅത്ത് അദ്ദേഹത്തിന് ഏൽപ്പിക്കുന്ന ഏതു ഉത്തരവാദിത്തവും തന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് വളരെ ശ്രദ്ധയോടെയും കഠിനാധ്വാനത്തോടെയും ആത്മാർത്ഥതയോടെയും നിർവഹിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മാതാപിതാക്കൾ പറയുന്നു: അദ്ദേഹം വളരെ ഉത്തരവാദിത്തമുള്ള മകനായിരുന്നു. മാതാപിതാക്കളെ വളരെയധികം പരിഗണിക്കുകയും അവരെ സേവിക്കുകയും ചെയ്തിരുന്നു. സാമ്പത്തിക സാഹചര്യങ്ങൾ പരിമിതമായിരുന്നിട്ടും, തന്റെ കഴിവിനനുസരിച്ച് മാതാപിതാക്കളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ അദ്ദേഹം എപ്പോഴും ശ്രമിച്ചിരുന്നു.

ജമാഅത്തിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിനോടൊപ്പം, ഇസ്‌ലാമിക അധ്യാപനങ്ങളും ഖിലാഫത്തെ അഹ്മദിയ്യയുടെ മാർഗനിർദേശങ്ങളും പ്രായോഗികമായി പാലിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം എന്ന് അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ഉത്തമ സ്വഭാവം, ആത്മാർത്ഥത, ദയ എന്നിവ കാരണം ജമാഅത്തിലെ അംഗങ്ങൾക്കും മറ്റു മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഒരുപോലെ പ്രിയങ്കരനായിരുന്നു.

പ്രാദേശിക മുഅല്ലിമായ മുനവ്വർ സാഹിബും അദ്ദേഹം വളരെ ഉത്തമ സ്വഭാവമുള്ള വ്യക്തിയായിരുന്നുവെന്ന് പറയുന്നു. അദ്ദേഹത്തിന് വലിയ ക്ഷമയും ധൈര്യവും ഉണ്ടായിരുന്നു; മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലം മുതലേ ജമാഅത്തിന്റെ സേവനം ചെയ്യുന്നതിൽ അദ്ദേഹത്തിന് ആഴത്തിലുള്ള ആഗ്രഹമുണ്ടായിരുന്നു. ഗുരുതരമായ പരിക്കും അസുഖവും വേദനയും അനുഭവിച്ച് കിടപ്പിലായിരുന്നപ്പോഴും, ജമാഅത്തിന്റെ കാര്യങ്ങളെക്കുറിച്ചും അംഗങ്ങളുടെ ധാർമികവും ആത്മീയവുമായ പരിശീലനത്തെക്കുറിച്ചും അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു.

അല്ലാഹു തആലാ അദ്ദേഹത്തിന് മഗ്ഫിറത്തും കരുണയും നൽകുമാറാകട്ടെ.

അടുത്ത ജനാസ റിട്ട. മാസ്റ്റർ ഗഫൂർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം കാനഡയിൽ താമസിച്ചുവരികയായിരുന്നു. സംഗ്ലാ ഹില്ലിലെ ഒരു ഗ്രാമത്തിൽ അദ്ദേഹം പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹവും അടുത്തിടെ അന്തരിച്ചു. اِنَّا لِلّٰهِ وَاِنَّاۤ اِلَيۡهِ رٰجِعُوۡنَ

അഞ്ചുനേരത്തെ നമസ്കാരങ്ങൾ കൃത്യമായി നിർവഹിക്കുന്ന വ്യക്തിയായിരുന്നു അദ്ദേഹം. തഹജ്ജുദ് നമസ്കാരത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു. അല്ലാഹുവിനെ ഭയപ്പെട്ട് ജീവിച്ചിരുന്ന അദ്ദേഹം സാമൂഹികമായി ഇടപഴകുന്ന സ്വഭാവക്കാരനുമായിരുന്നു. ഖിലാഫത്തിനോട് അഗാധമായ അടുപ്പം പുലർത്തുകയും ജമാഅത്തിന്റെ സംവിധാനത്തോടും ഖിലാഫത്തിനോടും എല്ലായ്പ്പോഴും പൂർണ്ണ അനുസരണം കാണിക്കുകയും ചെയ്തു.

മറ്റുള്ളവരുടെ ആവശ്യങ്ങളും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ചിലർക്ക് നിശ്ശബ്ദമായി സാമ്പത്തിക സഹായം നൽകുകയും ചെയ്തിരുന്നു. ജമാഅത്തിന്റെ സാമ്പത്തിക സംഭാവനകളിലും മറ്റു സാമ്പത്തിക പദ്ധതികളിലും സജീവമായി പങ്കെടുത്തിരുന്നു. ഖുത്ബകൾ സ്ഥിരമായി കേൾക്കുകയും മറ്റുള്ളവരെയും അവ കേൾക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജമാഅത്ത് പ്രവർത്തകരോടും ജീവിതം മതസേവനത്തിനായി സമർപ്പിച്ചവരോടും അദ്ദേഹത്തിന് വലിയ ആദരവുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യയും മൂന്ന് പെൺമക്കളും അഞ്ച് ആൺമക്കളും കൊച്ചുമക്കളും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു മകനായ നഈം ഇഖ്ബാൽ സാഹിബ് ഫിജിയുടെ അമീറും മിഷനറി ഇൻചാർജുമാണ്. പിതാവിന്റെ വിയോഗസമയത്ത് അദ്ദേഹം സേവനരംഗത്തായിരുന്നതിനാൽ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല.

അല്ലാഹു തആലാ അദ്ദേഹത്തിന് ക്ഷമയും സ്ഥിരതയും നൽകുമാറാകട്ടെ. അന്തരിച്ച വ്യക്തിക്ക് മഗ്ഫിറത്തും കരുണയും നൽകുമാറാകട്ടെ.

### ബദ്ർ വരിക്കാരുടെ ശ്രദ്ധക്ക്!

സെപ്തംബർ 10–17 (ലക്കം 37,38) ഒന്നിച്ച് പ്രസിദ്ധീകരിച്ചതാണ്. ആയതിനാൽ കഴിഞ്ഞ ലക്കത്തിലെ തിയ്യതി സെപ്തംബർ 24 എന്നാണ് വേണ്ടിയിരുന്നത്. പക്ഷെ 24 നു പകരം 17 എന്നാണ് രേഖപ്പെടുത്തിയത്. ഈ പിഴവിൽ നിർവ്യാജം ഖേദിക്കുകയും വരിക്കാർ കഴിഞ്ഞ ലക്കം തിയ്യതി സെപ്തംബർ 24 എന്ന് തിരുത്തണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. (പത്രാധിപർ)

പേജ് 2 ൽ നിന്ന്

ഈ ആത്മീയ പദവികളും സ്ഥാനങ്ങളും എങ്ങനെയാണ് നേടിയെടുത്തത്? ഇതേ നമസ്കാരത്തിലൂടെയാണ്. തിരുനബി ﷺ പറയുന്നു: എന്റെ കണ്ണുകളുടെ കുളിർമ നമസ്കാരത്തിലാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് മാർഗദർശനം നേടുന്നതിനും തഖ്‌വ അനിവാര്യമാണ്.

തുടർന്ന് നമ്മെ ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: മനുഷ്യൻ തന്റെ ദുഷിച്ച സ്വഭാവങ്ങൾ ഉപേക്ഷിക്കുന്നതുവരെ, അതിന് വിരുദ്ധമായ ഉത്തമ സ്വഭാവങ്ങൾ സ്വീകരിക്കാൻ അവന് കഴിയുകയില്ല. കാരണം, രണ്ട് പരസ്പരവിരുദ്ധമായ കാര്യങ്ങൾ ഒരേ ഹൃദയത്തിൽ ഒരേസമയം നിലനിൽക്കുകയില്ല.

അതിനാൽ അടിസ്ഥാനപരമായ കാര്യം തഖ്‌വ നേടാൻ പരിശ്രമിക്കുക എന്നതാണ്. തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

അല്ലാഹു തആലാ മുത്തഖിയെ സ്നേഹിക്കുന്നു.

അല്ലാഹു തആലായുടെ മഹത്വം ഓർത്തുകൊണ്ട് വളരെ ഭയഭക്തിയോടെ കഴിയുക. എല്ലാവരും അല്ലാഹുവിന്റെ ദാസന്മാരാണെന്ന് ഓർക്കുക. ആരോടും അക്രമം ചെയ്യരുത്; ആരെയും നിന്ദയോടെ നോക്കരുത്. ജമാഅത്തിൽ ഒരാൾ മോശമായാൽ അവൻ എല്ലാവരെയും മോശക്കാരാക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

നാം തഖ്‌വയിലും പരിശുദ്ധിയിലും എത്രത്തോളം പുരോഗതി കൈവരിച്ചുവെന്ന് എപ്പോഴും പരിശോധിക്കണം. അതിന്റെ മാനദണ്ഡം ഖുർആനാണ്. മുത്തഖിയുടെ അടയാളങ്ങളിൽ ഒന്നായി അല്ലാഹു തആലാ ഇങ്ങനെയും നിശ്ചയിച്ചിരിക്കുന്നു: അല്ലാഹു തആലാ മുത്തഖിയെ ലോകത്തിലെ അനിഷ്ടകരമായ കാര്യങ്ങളിൽനിന്ന് മോചിപ്പിക്കുകയും, അവന്റെ കാര്യങ്ങളുടെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുകയും ചെയ്യുന്നു.

ഇതുപോലെ തന്നെയാണ് അല്ലാഹു തആലാ അരുളിച്ചെയ്തിരിക്കുന്നത്: ആരെങ്കിലും അല്ലാഹുവിനെ ഭയപ്പെടുന്നുവെങ്കിൽ, അല്ലാഹു തആലാ അവന് എല്ലാ പ്രയാസങ്ങളിലുംനിന്നും പുറത്തുകടക്കാനുള്ള ഒരു വഴി ഉണ്ടാക്കിക്കൊടുക്കുന്നു. അവൻ പ്രതീക്ഷിക്കുകപോലും ചെയ്യാത്ത വിധത്തിലുള്ള ഉപജീവന മാർഗങ്ങളും അവനു വേണ്ടി ഒരുക്കിക്കൊടുക്കുന്നു.

അദ്ദേഹം പറയുന്നു: അല്ലാഹു തആലാ ദുർബലനാണെന്ന് നിങ്ങൾ കരുതരുത്. അവൻ അതിമഹത്തായ ശക്തികളുടെ ഉടമയാണ്. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ അവനിൽ ആശ്രയിച്ചാൽ, അവൻ തീർച്ചയായും നിങ്ങളെ സഹായിക്കും. അല്ലാഹു തആലായിൽ തവക്കുൽ ചെയ്യുന്നവന് അവൻ മതിയായവനാകുന്നു.

മറ്റൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാവരും ശ്രദ്ധയോടെ കേൾക്കണം. പൂർണ്ണമായ ശ്രദ്ധയോടും ചിന്തയോടും കൂടി കേൾക്കുക. കാരണം ഇത് ഈമാന്റെ കാര്യമാണ്. ഇതിൽ അലസതയും അശ്രദ്ധയും ശ്രദ്ധക്കുറവും വളരെ മോശമായ ഫലങ്ങൾ ഉണ്ടാക്കുന്നു. ഈമാന്റെ കാര്യത്തിൽ അശ്രദ്ധ കാണിക്കുന്നവരും, അവരെ അഭിസംബോധന ചെയ്ത് എന്തെങ്കിലും പറയുമ്പോൾ അത് ശ്രദ്ധയോടെ കേൾക്കാത്തവരും, സംസാരിക്കുന്ന വ്യക്തിയുടെ പ്രസംഗത്തിൽനിന്ന് – അത് എത്ര ഉന്നതവും പ്രയോജനകരവും സ്വാധീനശേഷിയുള്ളതുമായിരുന്നാലും – യാതൊരു പ്രയോജനവും നേടുകയില്ല.

ഹുസൂർ അയ്യദഹുല്ലാഹു തആലാ പറയുന്നു: ചുരുക്കത്തിൽ, അല്ലാഹു തആലായുടെ പ്രീതി നേടുന്നതിനും നമ്മുടെ ബൈഅത്തിന്റെ പ്രതിജ്ഞ പുതുക്കുന്നതിനുമായി നാം ഇവിടെ എത്തിച്ചേർന്നാൽ മാത്രമേ ജൽസ സംഘടിപ്പിക്കുന്നതിന്റെ യഥാർത്ഥ പ്രയോജനം നമുക്ക് ലഭിക്കുകയുള്ളൂ. ഇവിടെനിന്ന് നാം നന്മയും തഖ്‌വയും അനുസരിച്ച് ജീവിക്കുന്നവരായി മടങ്ങിപ്പോകുമെന്ന് നാം പ്രതിജ്ഞ ചെയ്യണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രത്യേകിച്ച് നമ്മുടെ ജമാഅത്തിന് തഖ്‌വ അനിവാര്യമാണ്. പ്രത്യേകിച്ചും, തങ്ങൾ ദൈവത്തിൽ നിന്നുള്ള ഒരാളുമായി ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ ബൈഅത്തിന്റെ കണ്ണിയിൽ പ്രവേശിക്കുകയും ചെയ്തവരാണെന്ന കാര്യം കണക്കിലെടുക്കുമ്പോൾ. അതിനാൽ, അവർ ഏതുതരത്തിലുള്ള വിദ്വേഷങ്ങളിലും പകകളിലും ശിർക്കുകളിലും അകപ്പെട്ടിരുന്നാലും, ലോകീയതയിൽ എത്രത്തോളം മുഴുകിയിരുന്നാലും, ഈ എല്ലാ ആപത്തുകളിൽനിന്നും അവർ മോചിതരാകേണ്ടതാണ്.

അവസാനമായി ഹുസൂർ അയ്യദഹുല്ലാഹു തആലാ പറഞ്ഞു:

ഈ ദിവസങ്ങളിൽ ദിക്റെ ഇലാഹിയിൽ പ്രത്യേകമായും കൂടുതൽ ശ്രദ്ധ നൽകുക. നിങ്ങൾക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും ഇസ്‌ലാമിക ലോകത്തിനുവേണ്ടിയും ധാരാളമായി പ്രാർത്ഥിക്കുക. മുഴുവൻ ലോകത്തിനുവേണ്ടിയും ധാരാളമായി പ്രാർത്ഥിക്കുക.

അല്ലാഹു തആലാ അവർക്ക് തന്റെ പരിചയം നൽകുകയും, തബ്ലീഗിന്റെ ലക്ഷ്യം പൂർത്തീകരിക്കാനും തഖ്‌വയുടെ മാർഗത്തിൽ സഞ്ചരിച്ചുകൊണ്ട് അവരിലേക്ക് ഈ സന്ദേശം എത്തിക്കാനും നമുക്ക് തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

## സീറത്തുന്നബി(സ)

വിവ: അബൂ സ്വബാഹ്

അധ്യായം : 2

# അറേബ്യയും അറബികളും

### അറേബ്യൻ നാടും അതിർത്തികളും

ഏഷ്യാ ഭൂഖണ്ഡത്തിന്റെ ഭൂപടത്തിലേക്ക് ഒരാൾ നോക്കുകയാണെങ്കിൽ, ഭൂഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു ഉപദ്വീപ് കാണാൻ കഴിയും. വിസ്തൃതിയിലും വ്യാപ്തിയിലും ലോകത്തിലെ ഏറ്റവും വലിയ ഉപദ്വീപാണിത്. ഇസ്‌ലാം ജന്മം കൊണ്ടതും അതിന്റെ പ്രാരംഭ വർഷങ്ങൾ ചെലവഴിച്ചതുമായ അറേബ്യ എന്ന ദേശമാണത്.

അറേബ്യ എന്ന പദത്തിന്റെ പദോൽപ്പത്തിയെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ട്. ചിലരുടെ അഭിപ്രായത്തിൽ, അറബി ഭാഷയ്ക്ക് അതിന്റെ വാക്ചാതുര്യവും ഭാഷാശുദ്ധിയും മൂലം മറ്റു ഭാഷകളുടെയെല്ലാം ഇടയിൽ സവിശേഷമായ സ്ഥാനമുള്ളതിനാലാണ് ഈ ദേശത്തിന് അറേബ്യ എന്ന പേര് ലഭിച്ചത്. ഇത്രത്തോളം സവിശേഷമായ സ്ഥാനമാണ് അറബി ഭാഷയ്ക്കുള്ളതെന്നതിനാൽ ചില ഗവേഷകർ അറബി ഭാഷയെ ഉമ്മുൽ അൽസിനഹ് അഥവാ ഭാഷാ ജനനി എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. (അവ: മിനനുർറഹ്മാൻ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) (മസീഹ് മൗഊദ് & മഹ്ദി), റൂഹാനി ഖസാഇൻ, വാല്യം 9, പേജ് 166, 183–184, 207)

കൂടാതെ, അറേബ്യ എന്ന പദത്തിന്റെ മൂലപദത്തിന് സംസാരത്തിലെ വാക്ചാതുര്യം, ഭാഷാശുദ്ധി എന്നീ അർത്ഥങ്ങളുമുണ്ട്. അതിനാൽ ഈ ഭാഷ സംസാരിച്ച ജനതയും അത് സംസാരിക്കപ്പെട്ട ദേശവും അറേബ്യ എന്ന പേരിൽ പ്രസിദ്ധമായി.

മറ്റൊരു അഭിപ്രായപ്രകാരം, വിശാലമായ ജനവാസമില്ലാത്ത മരുഭൂമിപ്രദേശമായതിനാലാണ് ഈ പേര് ലഭിച്ചത്. കാരണം, അറേബ്യ എന്ന പദത്തിന് മരുഭൂമി എന്ന അർത്ഥവും ഉണ്ട്.

ഭൂമിശാസ്ത്രപരമായ സ്ഥാനം പരിഗണിക്കുമ്പോൾ, അറേബ്യയുടെ ഒരു പകുതി ഉഷ്ണമേഖലാ പ്രദേശത്തും മറു പകുതി മിതോഷ്ണമേഖലാ പ്രദേശത്തുമാണ് സ്ഥിതിചെയ്യുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, കർക്കടക രേഖ (Tropic of Cancer) അതിന്റെ മധ്യഭാഗത്തിലൂടെ കടന്നുപോകുന്നു.

അറേബ്യയുടെ വടക്കൻ അതിർത്തി 33° വടക്കൻ അക്ഷാംശത്തിലും, തെക്കൻ അതിർത്തി 13° വടക്കൻ അക്ഷാംശത്തിലും സ്ഥിതിചെയ്യുന്നു. അതിന്റെ കിഴക്കൻ അതിർത്തി 60° പടിഞ്ഞാറൻ രേഖാംശത്തിലും, പടിഞ്ഞാറൻ അതിർത്തി 33° പടിഞ്ഞാറൻ രേഖാംശത്തിലും സ്ഥിതിചെയ്യുന്നു.

അതിന്റെ നാലു ദിശകളിലുമുള്ള അതിർത്തികളെ പരിഗണിക്കുമ്പോൾ, കിഴക്ക് പേർഷ്യൻ ഉൾക്കടലും ഒമാൻ ഉൾക്കടലും, പടിഞ്ഞാറ് ചെങ്കടലും, വടക്ക് ഇന്ത്യൻ സമുദ്രവും തെക്ക് സിറിയയും ഇറാഖും അതിർത്തികളായി സ്ഥിതിചെയ്യുന്നു.

### ഭൂപ്രകൃതിയും വിസ്തീർണ്ണവും

അറേബ്യയുടെ ഭൂപ്രകൃതി ക്രമരഹിതമായ ആകൃതിയിലുള്ള ഒരു ദീർഘചതുരസദൃശമാണ്. അതിന്റെ മൂന്ന് അതിർത്തികൾ സമുദ്രവും നാലാമത്തെ അതിർത്തി കരയുമാണ്. അറേബ്യയുടെ തീരപ്രദേശം അതിന്റെ മൊത്തം വിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറുതാണ്. ഇതിന്റെ സ്വാഭാവിക ഫലമായി നല്ല കടൽത്തുറകളുടെ അഭാവവും ഇവിടെ കാണപ്പെടുന്നു.

അറേബ്യയുടെ വിസ്തീർണ്ണം ഏകദേശം 12 ലക്ഷം ചതുരശ്ര മൈൽ ആണ്. ഇതിന്റെ നീളം ഏകദേശം 1,600 മൈലും, വീതി 700 മൈലുമാണ്. അതിനാൽ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ അറേബ്യ ലോകത്തിലെ വലിയ രാജ്യങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. എന്നാൽ ജനസംഖ്യ പരിശോധിക്കുമ്പോൾ, അതിനേക്കാൾ വളരെ ചെറിയ പല രാജ്യങ്ങളും താരതമ്യേന കൂടുതൽ ജനസംഖ്യയുള്ളതായി കാണാം. നിലവിൽ അറേബ്യയുടെ ആകെ ജനസംഖ്യ 80 ലക്ഷത്തിൽ* കവിയുന്നില്ല ഇതിന്റെ കാരണം പിന്നീട് വ്യക്തമാക്കാം. (ഇത് ഏറെക്കുറെ 100 വർഷം മുമ്പുള്ള കണക്കാണ്. വിവ)

### ഭൂപ്രകൃതി

ഭൂപ്രകൃതിയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഭൂമിശാസ്ത്രജ്ഞർ അറേബ്യയെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

ഒന്നാമത്തേത് തീരപ്രദേശം ആണ്. ഇത് പൊതുവെ സമതലമായ ഭൂപ്രദേശമാണ്. മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടത്തെ കാലാവസ്ഥ മിതോഷ്ണമാണ്.

രണ്ടാമത്തേത് താഴ്‌വരകളോടുകൂടിയ പർവതപ്രദേശം ആണ്. ഇത് രാജ്യത്തിന്റെ ഹൃദയഭാഗമാണ്.

മൂന്നാമത്തേത് വന്യപ്രദേശം ആണ്. വിശാലമായ മരുഭൂമിയുള്ളതിനാൽ ഇത് പൊതുവെ തരിശും ജനവാസമില്ലാത്തതുമാണ്.

അറേബ്യയുടെ പടിഞ്ഞാറൻ തീരപ്രദേശത്തുകൂടി വടക്കുമുതൽ തെക്കുവരെ ഒരു പർവതനിര നീണ്ടുകിടക്കുന്നു. ഇത് ജബലുസ്സറാത്ത് എന്നറിയപ്പെടുന്നു. ഈ പർവതനിരയിലെ ചില പർവതങ്ങൾക്ക് 8,000 മുതൽ 10,000 അടി വരെ ഉയരമുണ്ട്. എന്നാൽ മൊത്തത്തിലുള്ള ശരാശരി ഉയരം വളരെ കുറവാണ്.

ഈ പർവതനിരയുടെ മധ്യഭാഗത്തുനിന്ന് മറ്റൊരു പർവതനിര ആരംഭിക്കുന്നു. യഥാർഥത്തിൽ നിരവധി ചെറിയ പർവതപ്രദേശങ്ങളുടെ കൂട്ടായ്മയായ ഈ പർവതനിര വടക്കും തെക്കും ഭാഗങ്ങളിലേക്ക് വ്യാപിച്ചുകിടക്കുന്നു. ഇത് അറേബ്യയെ രണ്ട് ഭാഗങ്ങളായി വിഭജിക്കുകയും രാജ്യത്തിന്റെ കിഴക്കൻ തീരത്തേക്ക് നീളുകയും ചെയ്യുന്നു.

അറേബ്യയുടെ മധ്യഭാഗത്ത് സ്ഥിതിചെയ്യുകയും സമുദ്രനിരപ്പിൽനിന്ന് ഗണ്യമായി ഉയർന്നുനിൽക്കുകയും ചെയ്യുന്ന ഈ വിശാലമായ പ്രദേശം സത്ഹെ മുർത്തഫഅ് നജ്ദ് എന്നറിയപ്പെടുന്നു. ഈ പ്രദേശത്തിന്റെ ശരാശരി ഉയരം ഏകദേശം 4,000 അടിആണ്. (സത്ഹെ മുർത്തഫഅ് നജ്ദ് – നജ്ദിലെ ഉയർന്ന പ്രദേശം. (പ്രസാ.)

സത്ഹെ മുർത്തഫഅ് നജ്ദിന്റെ വടക്ക്, തെക്ക്, കുറച്ചൊന്നു കിഴക്ക് ഭാഗങ്ങളിലായി അതിവിശാലമായ ഒരു മരുഭൂമി വ്യാപിച്ചുകിടക്കുന്നു. അറേബ്യയുടെ വടക്കൻ മരുഭൂമി പിന്നീട് സിറിയയുടെ വടക്കൻ മരുഭൂമിയുമായി ചേരുന്നു. തെക്കൻ മരുഭൂമി വിസ്തീർണ്ണത്തിൽ വളരെ വലുതും പൂർണ്ണമായും തരിശുമായ പ്രദേശവുമാണ്. ഇത് അർറുബ്ഉൽഖാലി എന്ന പേരിൽ പ്രസിദ്ധമാണ്.

അറേബ്യയുടെ തെക്കും തെക്കുകിഴക്കും ഭാഗങ്ങളിലും വളരെ ഉയരമുള്ള പർവതനിരകൾ സ്ഥിതിചെയ്യുന്നു. അതിനാൽ ഒമാനിലെ വിവിധ പർവതശിഖരങ്ങൾക്ക് ഏകദേശം 10,000 അടി വരെ ഉയരമുണ്ട്.

അറേബ്യയിൽ പ്രത്യേകം പരാമർശിക്കത്തക്ക നദികളൊന്നുമില്ല. എന്നാൽ മഴ പെയ്യുമ്പോൾ നദീതടങ്ങളിലും മലയിടുക്കുകളിലും ജലനിരപ്പ് ഉയരുകയും വെള്ളം ശക്തമായി ഒഴുകുകയും ചെയ്യുന്നു. ചിലപ്പോൾ ഇത് വെള്ളപ്പൊക്കത്തിനും കാരണമാകുന്നു.

എന്നിരുന്നാലും പൊതുവെ ഇവിടെ ജലദൗർലഭ്യം വളരെ രൂക്ഷമാണ്. ചിലപ്പോൾ നൂറുകണക്കിന് മൈലുകൾ സഞ്ചരിച്ചാലും വെള്ളം കണ്ടെത്താൻ കഴിയാത്ത അവസ്ഥയുണ്ട്.

ചില സ്ഥലങ്ങളിൽ നീരുറവകൾ കാണപ്പെടുന്നു. ചുറ്റുമുള്ള ജനവാസപ്രദേശങ്ങൾക്ക് ഈ നീരുറവകൾ ജലസമൃദ്ധിയുടെ ഉറവിടങ്ങളാണ്. ചുറ്റും മരങ്ങളും ഉദ്യാനങ്ങളും നട്ടുപിടിപ്പിച്ചിട്ടുള്ളതും, മൈലുകളോളം നീണ്ടുകിടക്കുന്ന തരിശായ മരുഭൂമിയാൽ ചുറ്റപ്പെട്ടതുമായ ഇത്തരം നീരുറവ പ്രദേശങ്ങൾ ഒയാസിസ് (Oasis) എന്നറിയപ്പെടുന്നു. അറേബ്യയിൽ ഇവയെ അത്യന്തം വലിയൊരു അനുഗ്രഹമായാണ് കണക്കാക്കുന്നത്.

അറേബ്യയിലെ ഏറ്റവും ഫലഭൂയിഷ്ഠവും ഹരിതാഭവുമായ പ്രദേശമാണ് യമൻ. മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെ ധാരാളം മലയിടുക്കുകളും നീരുറവകളും ഉണ്ട്.

അതുപോലെ തന്നെ, മക്കയിൽനിന്ന് ഏകദേശം 20 മൈൽ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ത്വാഇഫ് പ്രദേശവും സുഖകരവും ഫലഭൂയിഷ്ഠവുമായ ഒരു പ്രദേശമാണ്. മികച്ച ഗുണമേന്മയുള്ള പഴങ്ങൾ ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നു.

• ഹദീഥുന്നബ്‌വി •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്‌വി •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout : HA Creative Graphics

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Vol-11 Issue:40
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 **Thursday 01 October 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

**സീറത്തുൽ മഹ്ദി(അ)**

വിവ: എ.നാസിർ

# ജ്യേഷ്ഠ സഹോദരന്റെ മക്കൾ

ഹദ്റത്ത് അമ്മാജാൻ വിവരിക്കുന്നു. നിങ്ങളുടെ മൂത്താപ്പാന്റെ വീട്ടിൽ ഒരു പെൺകുട്ടിയും ഒരു ആൺകുട്ടിയും ജനിച്ചിരുന്നു. എന്നാൽ ഇരുവരും ബാല്യത്തിൽ തന്നെ മരണപ്പെട്ടു. പെൺകുട്ടിയുടെ പേര് ഇസ്മത്ത് എന്നും ആൺകുട്ടിയുടെ പേര് അബ്ദുൽ ഖാദിർ എന്നുമായിരുന്നു. ഹദ്റത്ത് സാഹിബിന് തന്റെ സഹോദരന്റെ മക്കളോട് വളരെ സ്നേഹമായിരുന്നു. അതുകൊണ്ടുതന്നെയാണ് തന്റെ മൂത്ത മകൾക്ക് ഇസ്മത്ത് എന്നാണ് പേരിട്ടത്.

# സ്വന്തം മക്കൾ

ലേഖകൻ (ഹ.മിർസാ ബശീർ അഹ്മദ് സാഹിബ്) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്ക് ആദ്യ ഭാര്യയിൽ നിന്ന് രണ്ട് ആൺമക്കൾ ജനിച്ചു. അതായത്, മിർസാ സുൽത്താൻ അഹ്മദ് സാഹിബും മിർസാ ഫസൽ അഹ്മദ് സാഹിബും. ഹദ്റത്ത് സാഹിബിന് നല്ല യുവത്വാരംഭത്തിലാണ് (ഏതാണ്ട് ബാലനായിരുന്ന സമയത്താണ്) മിർസാ സുൽത്താൻ അഹ്മദ് ജനിച്ചത്.

ഞങ്ങളുടെ ഉമ്മയിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് താഴെപ്പറയുന്ന സന്താനങ്ങളുണ്ടായി:

ഇസ്മത്ത് – 1886ൽ ജനിച്ചു, 1891ൽ അന്തരിച്ചു.

ബശീർ അഹ്മദ് ഒന്നാമൻ –1887ൽ ജനിച്ചു, 1888ൽ അന്തരിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് –1889ൽ ജനിച്ചു.

ശൗകത്ത് – 1891ൽ ജനിച്ചു, 1892ൽ അന്തരിച്ചു.

വിനീതൻ മിർസാ ബശീർ അഹ്മദ് – 1893ൽ ജനിച്ചു.

മിർസാ ശരീഫ് അഹ്മദ് – 1895ൽ ജനിച്ചു.

മുബാറക ബീഗം– 1897ൽ ജനിച്ചു.

മുബാറക് അഹ്മദ് – 1899ൽ ജനിച്ചു, 1907ൽ അന്തരിച്ചു.

അമത്തുൽ നസീർ – 1903ൽ ജനിച്ചു, അതേ വർഷം തന്നെ അന്തരിച്ചു.

അമത്തുൽ ഹഫീസ് ബീഗം – 1904ൽ ജനിച്ചു.

ഉമ്മത്തുൽ ഹഫീസ് ബീഗം ഒഴികെ, (ഹദ്റത്ത് സാഹിബിന്റെ വിയോഗ സമയത്ത് വെറും മൂന്ന് വയസ്സുമാത്രമായിരുന്നു പ്രായം) മറ്റെല്ലാ മക്കളുടെയും വിവാഹം ഹദ്റത്ത് സാഹിബ് തന്റെ ജീവിതകാലത്തുതന്നെ നടത്തി.

ഹദ്റത്ത് വാലിദ സാഹിബ എന്നോട് വിവരിച്ചു: നിങ്ങൾ കുട്ടിയായിരുന്ന കാലത്ത്, ഒരുപക്ഷേ രണ്ടാം ക്ലാസിൽ പഠിച്ചിരുന്ന സമയത്ത്,ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശൗചകാര്യങ്ങൾ നിർവഹിച്ച് തിരിച്ചുവന്നപ്പോൾ, നിങ്ങൾ ഒരു കട്ടിലിന്മേൽ തലതിരിഞ്ഞും മറിഞ്ഞും ചാടിക്കളിക്കുകയും കസർത്തുകൾ കാണിക്കുകയും ചെയ്യുകയായിരുന്നു. അത് കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: നോക്കൂ, ഇവൻ എന്താണ് ചെയ്യുന്നത്!

തുടർന്ന് പറഞ്ഞു: ഇവനെ എം.എ. പഠിപ്പിക്കണം!

വിനീതൻ പറയുന്നത് : ഈ വാക്കുകൾ ദൈനംദിന സംസാരത്തിനിടയിൽ സ്വാഭാവികമായി പുറത്തുവന്നതുപോലെയാണ് തോന്നുന്നത്. എന്നാൽ സൂക്ഷ്മമായി ചിന്തിച്ചാൽ, അതിൽ രണ്ടോ മൂന്നോ പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം.

# പതിവു ശീലങ്ങൾ

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ പതിവ് രാത്രിയിൽ ഉറങ്ങാൻ പോകുമ്പോൾ എപ്പോഴും പൈജാമ അഴിച്ച് തഹ്ബന്ദ് ധരിക്കുമായിരുന്നു. സാധാരണയായി കുർത്തയും അഴിച്ചുവെച്ചാണ് ഉറങ്ങാറുണ്ടായിരുന്നത്.

കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശൗചകാര്യങ്ങൾ നിർവഹിച്ചതിനുശേഷം ശുചീകരണം പൂർത്തിയാക്കുമ്പോൾ, കൈ മണ്ണുകൊണ്ട് ഉരച്ച് പിന്നീട് വെള്ളംകൊണ്ട് കഴുകുമായിരുന്നു.

# കഥകൾ

വിനീതൻ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിലപ്പോൾ വീട്ടിൽ കുട്ടികൾക്ക് ചില കഥകളും പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. ഉദാഹരണത്തിന്, ഒരു ചീത്ത മനുഷ്യന്റെയും നല്ല മനുഷ്യന്റെയും കഥ അദ്ദേഹം സാധാരണയായി പറയുമായിരുന്നു. അതിന്റെ സംഗ്രഹം ഇങ്ങനെയായിരുന്നു: ഒരു ചീത്ത മനുഷ്യനും ഒരു നല്ല മനുഷ്യനും ഉണ്ടായിരുന്നു. ഇരുവരും തങ്ങളുടേതായ രീതിയിൽ പ്രവർത്തിച്ചു. അവസാനം ചീത്ത മനുഷ്യന്റെ പരിണതി മോശമായും നല്ല മനുഷ്യന്റെ പരിണതി നല്ലതായും ആയി.

അമ്മാജാൻ പറയുന്നു: അദ്ദേഹം ഒരു വഴുതനങ്ങയുടെ കഥ പറയാറുണ്ടായിരുന്നു. അതിന്റെ സംഗ്രഹം ഇങ്ങനെയായിരുന്നു:

ഒരു യജമാനൻ തന്റെ വേലക്കാരന്റെ മുമ്പിൽ വഴുതനങ്ങയെ പ്രശംസിച്ചു. വേലക്കാരനും അതിനെ വളരെയധികം പ്രശംസിക്കാൻ തുടങ്ങി. ഏതാനും ദിവസങ്ങൾക്കുശേഷം യജമാനൻ വഴുതനങ്ങയെ കുറ്റപ്പെടുത്തുകയും മോശമായി പറയുകയും ചെയ്തു. അപ്പോൾ വേലക്കാരനും അതിനെ കുറ്റപ്പെടുത്താൻ തുടങ്ങി.

യജമാനൻ ചോദിച്ചു: ഇതെന്താണ്? അന്ന് നീ ഇതിനെ പ്രശംസിച്ചിരുന്നല്ലോ; ഇന്ന് നീ അതിനെ കുറ്റപ്പെടുത്തുന്നു! വേലക്കാരൻ പറഞ്ഞു: ഞാൻ അങ്ങയുടെ വേലക്കാരനാണ്; വഴുതനങ്ങയുടെ വേലക്കാരനല്ല.

വിനീതൻ പറയുന്നത്: ഒരിക്കൽ ഞങ്ങൾ മൂന്ന് സഹോദരന്മാരും ചേർന്ന് ഒരു എയർ ഗൺ വാങ്ങാൻ തീരുമാനിച്ചു. എന്നാൽ ഏത് തോക്ക് വാങ്ങണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് തീരുമാനിക്കാൻ കഴിഞ്ഞില്ല.

അവസാനം, ഞങ്ങൾ ഓരോ ഓപ്ഷനും എഴുതിയിട്ട് നറുക്കെടുപ്പ് നടത്തി, ഹദ്റത്ത് സാഹിബിനോട് നറുക്ക് എടുക്കിപ്പിച്ചു. നറുക്കെടുപ്പിൽ ലഭിച്ച തോക്ക് തന്നെ ഞങ്ങൾ വാങ്ങി. (ഇത് 22 ബോർ ബി.എസ്.എ. എയർ റൈഫിൾ ആയിരുന്നു.)

പിന്നീട് അതുപയോഗിച്ച് ഞങ്ങൾ ധാരാളം വേട്ടയാടുകയും ചെയ്തു.

**• ഹദീഥുന്നബ്വി(സ) •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

പേജ് 1 ൽ നിന്ന്

**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

കടുത്ത പരിക്കേൽക്കുമ്പോൾ തന്റെ വേദനയും പ്രയാസവും പ്രകടിപ്പിച്ചുകൊണ്ട് അയ്യോ ഞാൻ മരിച്ചുപോയി എന്ന് പറയാറുണ്ട്; അതായത് ഞാൻ മരിച്ചവരെപ്പോലെയായി എന്ന് ഉദ്ദേശിച്ചുകൊണ്ടാണ് അങ്ങനെ പറയുന്നത്. അതിനാൽ, മരിച്ചവരെപ്പോലെയായിത്തീർന്നവരെ, അതായത് രക്ഷപ്പെടാൻ യാതൊരുവിധ പ്രതീക്ഷയുമില്ലാത്തവരെയും ഭൗതിക വൈദ്യശാസ്ത്രം അവരുടെ വിനാശത്തിന് വിധി എഴുതിയവരെയും അല്ലാഹു തന്റെ അനുഗ്രഹത്താൽ രക്ഷപ്പെടുത്തുന്നു എന്നാണ് ഈ ആയത്തിന്റെ അർത്ഥം.

(തഫ്സീർ കബീർ, വാല്യം 2, പേജ് 188)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin